# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ





Vol. LXXV No. 9 September 2025

ഏലിയാ–സ്ലീവാ–മൂശെക്കാലങ്ങൾ



മാർ സെബാസ്റ്റ്യൻ വടക്കേൽ
ഉജ്ജയിൻ അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത



മാർ കുര്യാക്കോസ് ഭരണികുളങ്ങര
ഫരീദാബാദ് അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത




മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ
ഷംഷാബാദ് അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത



മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
കല്യാൺ അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത



മാർ ജോസഫ് തച്ചാപറമ്പത്ത്
അദിലാബാദ് രൂപതയുടെ നിയുക്ത മെത്രാൻ




മാർ ജെയിംസ് പട്ടേരിൽ
ബൽത്തങ്ങാടി രൂപതയുടെ നിയുക്ത മെത്രാൻ

## പാലാ രൂപതയുടെ ആശംസകൾ...

29.07.2025












ഛത്തീസ്ഗഡിൽ ജയിൽവാസം അനുഭവിച്ച സമർപ്പിതസഹോദരികൾക്ക്
ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഭരണങ്ങാനത്തു നടത്തപ്പെട്ട
പ്രാർത്ഥനായജ്ഞത്തിൽ അഭിവന്ദ്യപിതാക്കന്മാരായ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും
മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും
മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവും.

31.07.2025







നവീകരിച്ച സെന്റ് തോമസ് പ്രസ്സിന്റെ വെഞ്ചരിപ്പുകർമ്മം
മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെയും
മാർ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെയും സാന്നിധ്യത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

31.07.2025








ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതുതായി ആരംഭിച്ച
ഹാർട്ട് ഫെയ്‌ലിയർ ക്ലിനിക്ക്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

03.08.2025







അഡ്വാർട്ടിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകുന്നു.

09.08.2025







CML സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ ചെമ്മലമറ്റത്തു നടന്ന
കുഞ്ഞേട്ടൻ അനുസ്മരണയോഗം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

10.08.2025







രൂപത കാര്യാലയത്തിൽ നടന്ന `തിങ്ക് താങ്ക്' മീറ്റിങ്ങിൽ പങ്കെടുത്ത്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകുന്നു.

11.08.2025







ചൂണ്ടച്ചേരി SJCET എഞ്ചിനീയറിങ് കോളജിന്റെ പുതിയ
അധ്യയനവർഷാരംഭം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്യുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

SEPTEMBER 2025
Vol. LXXV No. 9

# CONTENTS

സർക്കുലർ ........................................................................ 615

അറിയിപ്പ് ........................................................................ 623

ലേഖനം ........................................................................ 625

അറിയിപ്പ് ........................................................................ 632

വാർത്തകൾ ........................................................................ 633

അഭിവന്ദ്യപിതാവിന്റെ ഡയറി ........................................................ 674

Prot. No. 0652/2025

# സിനഡനന്തര സർക്കുലർ

സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**മാർ റാഫേൽ തട്ടിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2025 ഓഗസ്റ്റ് 18 മുതൽ 29 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടക്കുകയുണ്ടായി. സീറോമലബാർസഭയെ ഏറെ സ്നേഹിക്കുകയും സഭയുടെ വളർച്ചയ്ക്കായി പുതിയ സാധ്യതകൾ തുറന്നുതരികയുംചെയ്ത പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗവും, പൗരസ്ത്യസഭകളുടെ ദൗത്യത്തെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുകളുള്ള ലെയോ പതിന്നാലാമൻ മാർപാപ്പയുടെ സ്ഥാനാരോഹണവും ആദരവോടെ അനുസ്മരിച്ചുകൊണ്ടാണു സിനഡുസമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളും വെല്ലുവിളികളും ഏറെയാണെങ്കിലും, നമ്മുടെ കർത്താവു നമ്മെ ഭരമേല്പിച്ച ദൗത്യനിർവഹണത്തിനായി അക്ഷീണം പരിശ്രമിക്കാൻ സഭ കടപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറിവോടെയാണു പിതാക്കന്മാർ പ്രാർഥനയിലും പരിചിന്തനങ്ങളിലും മുഴുകിയത്.

**മതസ്വാതന്ത്ര്യം ഭാരതസംസ്കാരത്തിന്റെ അനിവാര്യഘടകം**

'നാനാത്വത്തിൽ ഏകത്വം' എന്ന തത്ത്വത്തിൽ അധിഷ്ഠിതമായി ജാതി മത വർഗ വർണ്ണ വ്യത്യാസമില്ലാതെ എല്ലാവർക്കും സ്വാതന്ത്ര്യം അനുവദിച്ച സംസ്കാരമാണു ഭാരത

ത്തിന്റേത്. നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതയ്ക്കു ഭംഗം വരുത്താത്ത രീതിയിൽ ഓരോ വ്യക്തിക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതു ജീവിക്കാനും പ്രചരിപ്പിക്കാനും ഭാരതത്തിന്റെ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്. നൂറ്റാണ്ടുകളായി മിഷനറിപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവരുടെ ഉന്നമനത്തിനായി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികമേഖലകളിൽ ക്രൈസ്തവർ നല്കിയ സംഭാവനകൾ പാടേ തമസ്കരിച്ച് അതിനെ കേവലം മതവിഷയം മാത്രമാക്കി ചുരുക്കുന്ന വർഗീയ അജണ്ടകൾ തികച്ചും ദൗർഭാഗ്യകരമാണ്. രാഷ്ട്രനിർമാണത്തിൽ ക്രൈസ്തവരുടെ പങ്കിനെ വിസ്മരിച്ചുകൊണ്ടു നമുക്കെതിരേ വിവേചനങ്ങളും വിദ്വേഷപ്രചാരണങ്ങളും നടക്കുന്നതും നമ്മുടെ വൈദികർക്കും സമർപ്പിതർക്കും അല്മായപ്രേഷിതർക്കും സഞ്ചാരസ്വാതന്ത്ര്യംപോലും പലയിടങ്ങളിലും നിഷേധിക്കപ്പെടുന്നതും മൗലികാവകാശങ്ങളുടെ ലംഘനമാണ്. മിശിഹായുടെ സ്നേഹത്തെപ്രതി തങ്ങളുടെ ജീവിതങ്ങൾ സഭയ്ക്കും സമൂഹത്തിനുമായി സമർപ്പിക്കുന്ന എല്ലാ പ്രേഷിതരെയും സീറോമലബാർസഭ അഭിമാനത്തോടെ ഓർക്കുന്നു. “മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും; ക്ലേശമോ ദുരിതമോ പീഡനമോ നഗ്നതയോ ആപത്തോ പട്ടിണിയോ വാളോ?... നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലെല്ലാം നാം പൂർണവിജയം വരിക്കുന്നു” (റോമാ 8:35-37) എന്ന തിരുവചനം നമ്മെ ശക്തിപ്പെടുത്തട്ടെ!

**ഐക്യം നിലനിർത്തുക നമ്മുടെ കർത്തവ്യമാണ്**

മിശിഹായിൽ നാമെല്ലാം ഒന്നാണ്' (In Illo Uno Unum) എന്നതാണല്ലോ പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ മാർപാപ്പയുടെ ആപ്തവാക്യം. ഒരേ സഭയിൽ നാമെല്ലാം ഒന്നായിരിക്കുന്നതാണ് ഏറ്റവും വലിയ സുവിശേഷപ്രഘോഷണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപതകൾ സ്ഥാപിക്കാനും അജപാലനസൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചപ്പോഴും പരിശുദ്ധകുർബാനയുടെ അർപ്പണത്തെ സംബന്ധിച്ചു നില

നിന്നിരുന്ന വ്യത്യസ്തതകൾ നമ്മുടെ ഐക്യബോധത്തെ ദോഷകരമായി ബാധിച്ചിരുന്നു. ഇതിനു പരിഹാരമായിട്ടായിരുന്നു സിനഡു തീരുമാനിച്ചതും ശ്ലൈഹികസിംഹാസനം അംഗീകരിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കാൻ സഭ ആഗ്രഹിച്ചത്. അതിൻപ്രകാരം ഏകീകൃത കുർബാനയർപ്പണരീതി പൂർണമായി നടപ്പിലാക്കിയ രൂപതകളെയും ഇടവകകളെയും സഭ നന്ദിയോടെ അനുസ്മരിക്കുന്നു. പരിശുദ്ധപിതാവ് അന്തിമതീരുമാനം അറിയിച്ചുകഴിഞ്ഞ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സീറോമലബാർസഭയിൽ ഉടനീളം മാറ്റമില്ലാതെ തുടരേണ്ടതാണ്. 2025 ജൂൺ 26-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു മാത്രമായി നല്കപ്പെട്ട സർക്കുലർ ഈ തീരുമാനത്തിന്റെ തുടർച്ചയാണ്. പ്രസ്തുത സർക്കുലർപ്രകാരം ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഏകീകൃതരീതിയിൽ ഒരു വിശുദ്ധ കുർബാന വീതം ചൊല്ലിത്തുടങ്ങിയ അതിരൂപതയിലെ വൈദികരെ സിനഡു നന്ദിയോടെ ഓർമിക്കുന്നു. ഏകീകൃതകുർബാനയർപ്പണരീതി ഘട്ടം ഘട്ടമായി നടപ്പിലാക്കി ഐക്യത്തിലേക്കു വളർത്താനുള്ള ഉത്തരവാദിത്വം മേജർ ആർച്ചുബിഷപ്പിനെയും അതിരൂപതയ്ക്കുവേണ്ടിയുള്ള വികാരിയെയും സിനഡു ചുമതലപ്പെടുത്തി.

ആരാധനക്രമത്തിലെ അനൈക്യം നമ്മെ എല്ലാവരെയും ഏറെ വേദനിപ്പിക്കുന്നു. ആരെയും മുറിപ്പെടുത്തിക്കൊണ്ട് യഥാർത്ഥ ഐക്യം സാധ്യമാക്കാനാവാത്തതിനാൽ പരസ്പരം മുറിപ്പെടുത്തുന്നവരാകാതെ സുഖപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നവരാകാൻ നമുക്കു പരിശ്രമിക്കാം. ഏകീകൃത ആരാധനക്രമത്തെ സംബന്ധിച്ചു നിലനില്ക്കുന്ന ഭിന്നതകൾ പരിഹരിക്കാനുള്ള ആദ്യവഴി, പരിശുദ്ധറൂഹായെ ശ്രവിച്ചു സഭയ്ക്കു വിധേയപ്പെടുകയും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അനുരഞ്ജനം സാധ്യമാക്കുകയുമാണ്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർമിക്കാം:

"അവൻ നമ്മുടെ സമാധാനമാണ്; അവൻ ഇരുകൂട്ടരെയും ഒരുമിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു" (എഫേസൂസ് 2:14). അതിനാൽ, വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അകല്ച്ചകൾ ഇല്ലാതാക്കി എല്ലാവരെയും അനുരഞ്ജനത്തിലേക്കു നയിക്കാൻ സഭ മുഴുവനും പ്രതിജ്ഞാബദ്ധമാണ്. പരിശുദ്ധപിതാവു ഫ്രാൻസിസ് പാപ്പ നമ്മുടെ സഭയ്ക്കു നല്കിയ സന്ദേശത്തിൽ പറഞ്ഞതുപോലെ 'ഐക്യം നിലനിറുത്തുന്നത് ഒരു നല്ല ഉപദേശം മാത്രമല്ല, കർത്തവ്യവുമാണ്'. ഐക്യം നിലനിറുത്താനുള്ള കർത്തവ്യം ഓരോ വിശ്വാസിക്കും ഉണ്ടെന്നതു നമുക്കു തിരിച്ചറിയാം.

**പരിശുദ്ധകുർബാനയോടുള്ള സ്നേഹത്തിൽ വളരാം**

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും മകുടവുമാണു പരിശുദ്ധ കുർബാന. നമ്മുടെ കർത്താവ് പാപികളും അയോഗ്യരുമായ നമ്മിലേക്കു കടന്നുവരുന്ന അമൂല്യനിമിഷങ്ങളാണ് വിശുദ്ധ കുർബാനയിൽ നാം അനുഭവിക്കുന്നത്. അത്യാദരവോടും ഭക്തിയോടുംകൂടെ വേണം പരിശുദ്ധകുർബാനയെ സമീപിക്കാൻ. നമ്മുടെ സഭയിൽ പരിശുദ്ധകുർബാനയെ അവഹേളിക്കുന്ന ചില സംഭവങ്ങൾ ഉണ്ടായതു നമ്മെ ഏറെ വേദനിപ്പിക്കുകയും അനേകർക്ക് ഉതപ്പിനു കാരണമാകുകയും ചെയ്തിട്ടുണ്ട്. ഇതിനു മാനുഷികമായ പരിഹാരങ്ങൾ അപര്യാപ്തമാണെങ്കിലും പരിശുദ്ധകുർബാനയോടുള്ള ഭക്തിയിൽ വളരാനും പരിശുദ്ധകുർബാനയ്ക്കുനേരേ ഉണ്ടായ അവഹേളനത്തിനു പരിഹാരം ചെയ്യാനുമായി 2025 സെപ്റ്റംബർ 12 വെള്ളിയാഴ്ച സീറോമലബാർസഭ മുഴുവനിലും ഒരു മണിക്കൂർ വിശുദ്ധകുർബാനയുടെ ആരാധനനടത്താൻ ഞാൻ എല്ലാവരെയും ആഹ്വാനംചെയ്യുന്നു.

**സഭയുടെ സിനഡാത്മകത**

സഭാജീവിതത്തെ പുതിയ കാലത്തിനനുസരിച്ചു നിർവചിച്ച സുപ്രധാനമായൊരു കാൽവയ്പായിരുന്നു 2023, 2024

വർഷങ്ങളിൽ റോമിൽ നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡുസമ്മേളനങ്ങൾ. സഭയിൽ നാമെല്ലാം സഹയാത്രികരാണെന്നുള്ള തിരിച്ചറിവോടെ, ക്രിയാത്മകമായ ശ്രവണത്തിന്റെയും ആശയവിനിമയത്തിന്റെയും വേദികളാക്കി സഭാഘടകങ്ങളെ മാറ്റാനുള്ള മാർഗങ്ങളെക്കുറിച്ചു സിനഡു പഠിക്കുകയും വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി, സാധിക്കുന്നവരെയെല്ലാം ശ്രവിച്ച് അനുയോജ്യമായ കർമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ രൂപതകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

**സമുദായശക്തീകരണവർഷം 2026**

ഒരു സമുദായം എന്നനിലയിൽ സാമൂഹികയിടങ്ങളിൽ നാം മുന്നേറിയിരുന്ന പല മേഖലകളിലും ഇപ്പോൾ പിന്നാക്കം പോയിരിക്കുന്നുവെന്ന തിരിച്ചറിവായിരുന്നു പാലായിൽ നടത്തപ്പെട്ട മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി പ്രകടിപ്പിച്ചത്. എണ്ണത്തിൽ നാം കുറഞ്ഞതും യുവതലമുറ വിദേശരാജ്യങ്ങളിലേക്കു പറിച്ചുനടപ്പെടുന്നതും നമ്മുടെ അതിജീവനത്തിനു വലിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇവയ്ക്കു പരിഹാരം കാണുന്നതിനും നമ്മുടെ ഇടയിൽ ശക്തമായ സമുദായബോധം ഉളവാക്കുന്നതിനുമായി സീറോമലബാർസഭ 2026 സമുദായശക്തീകരണവർഷമായി ആചരിക്കുകയാണ്. എല്ലാ രൂപതകളുടെയും നേതൃത്വത്തിൽ ബോധവത്കരണപരിപാടികൾ ആരംഭിക്കാനും നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനുപകരിക്കുന്ന ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കാനും ഈ വർഷം എല്ലാവരെയും ആഹ്വാനംചെയ്യുന്നു.

**പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ**

സീറോമലബാർസഭയുടെ വളർച്ചയിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ടു കേരളത്തിനു പുറത്തു നാലു പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ രൂപീകരിക്കാനും,

ഷംഷാബാദ് രൂപതയുടെ വിസ്തൃതമായ പ്രദേശങ്ങളെ അജപാലനസൗകര്യം പരിഗണിച്ചുകൊണ്ടു മറ്റു രൂപതകളുമായി കൂട്ടിച്ചേർത്ത് അവയുടെ അതിർത്തികളെ പുനർനിർണയിക്കാനും പരിശുദ്ധസിംഹാസനത്തിന്റെ അനുവാദത്തോടെ നമുക്കു സാധിച്ചു. ഭാരതം മുഴുവനിലും അജപാലന അധികാരമുണ്ടായിരുന്ന മാർത്തോമ്മാനസ്രാണികളുടെ പുരാതനമായ സഭാഘടനയിലേക്കുള്ള സുപ്രധാനമായ ചുവടുവയ്പാണിത്. പുതിയ മെത്രാപ്പോലീത്തൻപ്രവിശ്യകളായി ഉയർത്തപ്പെട്ട ഫരീദാബാദ്, ഉജ്ജയിൻ, കല്യാൺ, ഷംഷാബാദ് എന്നീ അതിരൂപതകൾക്കും അവയുടെ അധ്യക്ഷന്മാരായ മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നിവർക്കും പ്രാർഥനാശംസകൾ നേരുന്നു.

**സഭയ്ക്കു പ്രത്യാശയായി പുതിയ മെത്രാന്മാർ**

കഴിഞ്ഞ എട്ടു വർഷങ്ങളായി സീറോമലബാർസഭയുടെ കൂരിയാമെത്രാനായി സ്തുത്യർഹമായി സേവനംചെയ്തുവന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽപിതാവു കല്യാൺരൂപതയുടെ മൂന്നാമത്തെ മേലധ്യക്ഷനായും പ്രഥമ മെത്രാപ്പോലീത്തായായും നിയമിക്കപ്പെട്ടിരിക്കുകയാണ്. ആഴമായ ആത്മീയതയും സാഹോദര്യഭാവവും അജപാലന തീക്ഷ്ണതയും കൈമുതലായുള്ള അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനു പുതിയ ദൗത്യത്തിൽ ദൈവാനുഗ്രഹങ്ങൾ നേരുന്നു. കഴിഞ്ഞ ഇരുപത്തൊമ്പതു വർഷങ്ങളായി കല്യാൺ രൂപതയെ നയിക്കുകയും സീറോമലബാർസഭയുടെ ആരാധനാക്രമ ഗ്രന്ഥങ്ങളുടെ രൂപീകരണത്തിൽ നിർണായകസംഭാവനകൾ നല്കുകയുംചെയ്ത മാർ തോമസ് ഇലവനാൽപിതാവിനു നന്ദിയർപ്പിക്കുന്നു. ബെൽത്തങ്ങാടി രൂപതയുടെ രണ്ടാമത്തെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. ജെയിംസ് പട്ടേരിൽ അച്ചനു പ്രാർഥനാശംസകൾ നേരുന്നു. ക്ലരീഷ്യൻ

സന്ന്യാസസമൂഹാംഗമായ അദ്ദേഹത്തിന്റെ പ്രേഷിതതീക്ഷ്ണ തയും പ്രാഗല്ഭ്യവും ബൽത്തങ്ങടിരൂപതയെ കൂടുതൽ ഉയരങ്ങളിലേക്കു നയിക്കട്ടെ എന്നു പ്രാർഥിക്കുന്നു. കഴിഞ്ഞ 26 വർഷങ്ങളായി ബൽത്തങ്ങാടി രൂപതയെ അതിന്റെ ബാലാ രിഷ്ടതകളിൽനിന്നു വളർത്തി വലുതാക്കിയ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിനെ കൃതജ്ഞതയോടെ അനുസ്മ രിക്കുന്നു. അദിലാബാദ്രൂപതയുടെ പുതിയ അധ്യക്ഷനായി നിയമിതനായ പെരിയ ബഹു. ജോസഫ് തച്ചാപറമ്പത്തച്ചനു ഹൃദ്യമായ പ്രാർഥനാശംസകൾ നേരുന്നു. സി.എം.ഐ. സന്ന്യാസസമൂഹാംഗമായ അദ്ദേഹത്തിന്റെ വിശ്വാസതീക്ഷ്ണ തയും അനുഭവപരിചയവും അദിലാബാദ് രൂപതയ്ക്കു മികച്ച നേതൃത്വം നല്കാൻ കരുത്താകും. കഴിഞ്ഞ 10 വർഷമായി തികഞ്ഞ പ്രേഷിതചൈതന്യത്തോടെ അദിലാബാദ് രൂപതയെ നയിക്കുകയും, ഇപ്പോൾ ഷംഷാബാദ് രൂപതാധ്യക്ഷനായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്ന മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവിനു ഹൃദയപൂർവം നന്ദിപറയുന്നു.

പ്രിയപ്പെട്ടവരേ,

സീറോമലബാർസഭ ഒരു തികഞ്ഞ പൗരസ്ത്യസഭ യാണെന്നും പുരാതനമായ അതിന്റെ പൈതൃകങ്ങൾ സംര ക്ഷിച്ചുകൊണ്ടാണു സാർവത്രികസഭയിൽ അതിന്റെ ദൗത്യം നിറവേറ്റേണ്ടതെന്നുമുള്ള ബോധ്യത്തിൽ നാം വളരേണ്ടതുണ്ട്. പൗരസ്ത്യസഭകളുടെ ജൂബിലിയാഘോഷാവസരത്തിൽ പരിശുദ്ധപിതാവ് ലെയോ മാർപാപ്പ ഇപ്രകാരം പറഞ്ഞു: പൗര സ്ത്യസഭകൾക്കു സാർവത്രികസഭയ്ക്കു നല്കാൻകഴിയുന്ന സംഭാവനകൾ വളരെ വലുതാണ്. നിങ്ങളുടെ ആരാധനക്രമ ത്തിൽ സജീവമായി നിലനില്ക്കുന്ന ദിവ്യരഹസ്യാത്മകതയുടെ ഭാവങ്ങൾ വീണ്ടെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യ മാണ്. മനുഷ്യനെ, അവന്റെ പൂർണതയിൽ ഉൾക്കൊള്ളുന്ന, രക്ഷയുടെ സൗന്ദര്യത്തെ പ്രകീർത്തിക്കുന്ന, ദൈവത്തിന്റെ

മഹത്ത്വം മാനുഷികബലഹീനതയെ എങ്ങനെ ആശ്ലേഷിക്കുന്നുവെന്നതിൽ അത്ഭുതബോധം ഉണർത്തുന്ന, പൗരസ്ത്യ ആരാധനക്രമപാരമ്പര്യങ്ങളെ വീണ്ടെടുക്കുകയും നിലനിറുത്തുകയും ചെയ്യണം. പ്രായോഗികതയുടെയോ സൗകര്യത്തിന്റെയോ പേരിൽ അവയെ നഷ്ടപ്പെടുത്തരുത്. നമ്മുടെ സഭയുടെ പൗരസ്ത്യതനിമയും ആരാധനക്രമത്തിന്റെ വൈശിഷ്ട്യവും പഠിക്കാൻ നാം തയ്യാറാകുമ്പോൾ ഐക്യശ്രമങ്ങൾ ഫലവത്താകും എന്നതു തീർച്ചയാണ്. വെല്ലുവിളികളുടെ നടുവിൽ കരുത്തോടെ പ്രകാശിച്ച ചരിത്രമാണു നമ്മുടെ സഭയുടേത്. ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷസന്ദേശം അറിയിക്കാൻ വിളിക്കപ്പെട്ട നമുക്കു വിശ്രമമില്ലാതെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവവചനത്തിലും കൂദാശകളിലുംനിന്നു ശക്തി സംഭരിച്ചുകൊണ്ടു കൂട്ടായ്മയിൽ വളർന്നു സഭയുടെ ദൗത്യത്തെ ശക്തിപ്പെടുത്താൻ നമുക്കു സാധിക്കട്ടെ!

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2025-ാം ആണ്ട് ഓഗസ്റ്റു മാസം 29-ാം തീയതി നല്കപ്പെട്ടത്.

**റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ സർക്കുലർ 2025 സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# അറിയിപ്പ്
## വാർഷികധ്യാനം

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ,

സെപ്റ്റംബർ മാസം 15-ാം തീയതി തിങ്കളാഴ്ചമുതൽ 19-ാം തീയതി വെള്ളിയാഴ്ചവരെയും 22-ാം തീയതി തിങ്കളാഴ്ച മുതൽ 26-ാം തീയതി വെള്ളിയാഴ്ചവരെയും രണ്ടു ബാച്ചുകളായി ഈ വർഷത്തെ നമ്മുടെ വാർഷികധ്യാനം ക്രമീകരിച്ചിരിക്കുകയാണല്ലോ. ആണ്ടുവട്ടത്തിലെ ആത്മീയനവീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദിനങ്ങളായി ഈ വാർഷികധ്യാനദിവസങ്ങളെ പരിഗണിക്കുമല്ലോ. അജപാലനനന്മയിൽ കൂടുതൽ തീക്ഷ്ണതയോടെ മുന്നേറുവാൻ ദൈവവചനത്തിനും ആരാധനാജീവിതത്തിനും അജപാലനദൈവശാസ്ത്രത്തിനും പ്രാധാന്യം നൽകുന്ന ധ്യാനമാണ് ഈ വർഷവും ക്രമീകരിച്ചിരിക്കുന്നത്. വടവാതൂർ പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് റവ. ഡോ.പോളി മണിയാട്ട് അച്ചനാണ് വാർഷികധ്യാനം നയിക്കുന്നത്.

നമ്മുടെ രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കണം. ആരോഗ്യപരമായ കാരണങ്ങളാൽ ആർക്കെങ്കിലും പങ്കെടുക്കാൻ സാധിക്കുകയില്ലെങ്കിൽ പിന്നീട് ഏറ്റവും അടുത്ത നാലു പൂർണദിവസങ്ങളിൽ ധ്യാനിക്കേണ്ടതാണ്. ധ്യാനത്തിനു പോകുന്ന സ്ഥലവും സമയവും എന്നെ നേരിട്ട് അറിയിക്കുമല്ലോ.

**വാർഷികധ്യാനത്തിൽ പങ്കെടുക്കാൻ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**1. തിങ്കളാഴ്ചമുതൽ വെള്ളിയാഴ്ചവരെയാണ് ഇരുബാച്ചുകളുടെയും ധ്യാനദിവസങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.**

2. വിശുദ്ധഗ്രന്ഥം, യാമപ്രാർത്ഥനപ്പുസ്തകം (രണ്ടാം വാല്യം), കുർബാനക്രമം, കൊത്തീന, സുനാറ, ഊറാറ എന്നിവ കൊണ്ടുവരേണ്ടതാണ്.

3. ധ്യാനദിവസങ്ങളിലെ പരിശുദ്ധകുർബാനയിൽ എല്ലാ വൈദികരും പങ്കെടുക്കണം. ആ ദിവസത്തിൽ ഇടവകകളിലോ സ്ഥാപനങ്ങളിലോ വിശുദ്ധ കുർബാന അർപ്പിക്കാൻ പോകേണ്ടതില്ല.

4. നൂറിൽ കൂടുതൽ വിശുദ്ധ കുർബാനനിയോഗങ്ങൾ കൈവശമുള്ള വൈദികർ അവ ധ്യാനാവസരത്തിൽ രൂപതക്കച്ചേരിയിൽ ഏല്പിക്കേണ്ടതാണ്. പതിനായിരംരൂപയിൽ കൂടുതൽ ഏല്പിക്കുമ്പോൾ ചെക്കായി നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

5. കഴിഞ്ഞ വാർഷികധ്യാനത്തിനുശേഷം വൈദികർ രൂപതാധ്യക്ഷന്റെ നിയോഗത്തിൽ അർപ്പിച്ചിട്ടുള്ള വിശുദ്ധ കുർബാനകളുടെ എണ്ണം (binated & trinated) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. ധ്യാനദിവസങ്ങളിൽ ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു വിശ്വാസികളെ ഉദ്ബോധിപ്പിക്കേണ്ടതാണ്.

8. ധ്യാനത്തിന്റെ പ്രാരംഭദിവസമായ തിങ്കളാഴ്ച വൈകുന്നേരം ആറു മണിക്കുമുമ്പായി എല്ലാ വൈദികരും അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരേണ്ടതാണ്.

**9. രണ്ടു ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന വാർഷികധ്യാനത്തിൽ (ബാച്ച് I: സെപ്റ്റംബർ 15 തിങ്കൾ മുതൽ 19 വെള്ളി; ബാച്ച് II : സെപ്റ്റംബർ 22 തിങ്കൾ മുതൽ 26 വെള്ളി) പങ്കെടുക്കേണ്ട ബഹുമാനപ്പെട്ട വൈദികരുടെ ലിസ്റ്റ് 2025 ഏപ്രിൽമാസത്തെ ബുള്ളറ്റിനിൽ (സാന്ത്വന പ്രകാശം Vol. LXXV April 2025 No. 4) പേജ് 237 ൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.**

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 01.09.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

ലേഖനം

# തകർച്ചയുടെ ആരംഭം

**മാർ ജോസഫ് കല്ലറങ്ങാട്ട്**

സംസ്ഥാനസർക്കാരിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ എയ്ഡഡ്മേഖലയുടെ സംഭാവനകൾ വളരെ വലുതാണ്. എയ്ഡഡ്സ്കൂളുകളിൽ; പ്രത്യേകിച്ച്, കത്തോലിക്കാ വിദ്യാലയങ്ങളിൽ മികവാർന്നതും അച്ചടക്കമുള്ളതും കുട്ടികളുടെ നാനാവിധകഴിവുകൾ വളർത്തുന്നതുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ മേഖലയിലെ ആയിരക്കണക്കിന് അധ്യാപകരും അനധ്യാപകരും സ്ഥിര നിയമന അംഗീകാരമില്ലാതെയും ദിവസകൂലിക്കാരായും ജോലി ചെയ്യേണ്ടിവരുന്നത് വിദ്യാഭ്യാസമേഖലയുടെ തകർച്ചയ്ക്കു കാരണമാകും. കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയിൽ അറുപത്തഞ്ചുശതമാനത്തിലധികം വിദ്യാലയങ്ങളും കുട്ടികളും എയ്ഡഡ്മേഖലയിൽ ആയിരിക്കുമ്പോൾ ഈ സ്ഥാപനങ്ങളുടെ തകർച്ച പൊതുവിദ്യാഭ്യാസത്തെത്തന്നെ തകർക്കും എന്നു തീർച്ചയാണ്. പൊതുവിദ്യാഭ്യാസം തകർന്നാൽ ഈ നാട്ടിലെ തീർത്തും സാധാരണക്കാരായ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന നിലവാരമുള്ള വിദ്യാഭ്യാസസാഹചര്യങ്ങൾ ഇല്ലാതാകും. മാത്രവുമല്ല, നാട്ടിലെ പ്രൈവറ്റ് വിദ്യാഭ്യാസമേഖല ശക്തിപ്രാപിക്കും. പ്രൈവറ്റ് ഇംഗ്ലീഷ്മീഡിയങ്ങളെ ശക്തീകരിക്കാനുള്ള വഴികളാണ് ഭിന്നശേഷിപ്രശ്നത്തിന്റെ മറവിൽ സർക്കാർ ശ്രമിക്കുന്നത് എന്ന് അനുമാനിക്കാനാകും.

### കോടതി ഉത്തരവ്, സാമ്പത്തികപ്രതിസന്ധി, സ്വജനപക്ഷപാതം

എന്തിന്റെ പേരിലായാലും പതിനായിരക്കണക്കിന് അധ്യാപകർക്ക് - അവർ ജോലി ചെയ്യുന്നതിന് ശമ്പളവും അംഗീകാരവുമില്ലാതിരിക്കുന്നത് നാളത്തെ നമ്മുടെ സമൂഹനിർമ്മിതി

യെയാണു ബാധിക്കുന്നത്. തൃപ്തിയും സന്തോഷവുമുള്ള അധ്യാപകർ വേണം കുഞ്ഞുങ്ങളുടെ മുമ്പിൽ നിൽക്കാനെന്നാണ് വിദ്യാഭ്യാസദർശനമെങ്കിലും അധ്യാപകരുടെ നിരാശ, പ്രതീക്ഷയില്ലായ്മ, അസംതൃപ്തി, ജീവിതസമ്മർദങ്ങൾ തുടങ്ങിയവ കുട്ടികളെയും ബാധിക്കും. അസംതൃപ്തരെന്നല്ല അവരെ വിളിക്കേണ്ടത്; സഹനസമരവക്താക്കളാണവർ! വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന ഏതധ്യാപകനാണ് സംതൃപ്തനും സന്തോഷവാനുമായിരിക്കുക? ഓർക്കുക, പതിനാറായിരത്തോളം അധ്യാപകർ പഠിപ്പിക്കുന്നത് ലക്ഷക്കണക്കിനു കുഞ്ഞുങ്ങളെയാണ് ......!

**ദിവസക്കൂലിക്കാരന്റെ പ്രതിസന്ധികൾ**

അധ്യാപകനെ ദിവസക്കൂലിക്കാരനാക്കിയതാണ് ഈ നാട്ടിലെ ഭരണക്കാർ ചെയ്ത ഏറ്റവും വലിയ ചതി. പിന്നീടത് കൃത്യമായി നൽകുകപോലുമില്ലെന്നായി ! കൊടുക്കാതിരിക്കാൻ കാരണമന്വേഷിച്ച് ഓരോ ദിനവുമെന്നോണം ഓരോരോ ഉത്തരവുകൾ പുറത്തിറക്കുന്നു.

അതായത്, ദിവസക്കൂലിക്കാരനായ ഒരധ്യാപകന് ഒരു മാസം കേവലം 15000–20000 രൂപയൊക്കെയേ ലഭിക്കുന്നുള്ളൂവെന്ന് എത്രപേർക്കറിയാം? ഈ തുകകൊണ്ടു വേണം ഒരു കുടുംബം പുലരാൻ , അധ്യാപകവൃത്തിയുടെ മാന്യതയിൽ ജീവിക്കാൻ. 30 ദിവസത്തിൽ പതിനഞ്ചുദിവസംപോലും പ്രവൃത്തിദിനങ്ങളില്ലാത്ത എത്രയോ മാസങ്ങളാണുള്ളത്......! 30 നും 40 നും ഇടയിൽ പ്രായമുള്ള ഒരു മനുഷ്യജീവിതത്തിലെ ഏറ്റവും ക്രിയാത്മകമായ കാലഘട്ടത്തിലാണ് ഒരധ്യാപകൻ അഷ്ടിക്കു വകയില്ലാതെ, മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടി വർഷങ്ങൾ ജീവിക്കേണ്ടിവരുന്നത്. മാസ്റ്റർഡിഗ്രിയും അതിലുപരി യോഗ്യതയും നേടിയ അധ്യാപകരുടെ ദയനീയമുഖങ്ങൾ സർക്കാരിന്റേതൊഴികെ മറ്റാരുടെയും ഹൃദയത്തെ നൊമ്പരപ്പെടുത്തുന്നതാണ്.

നിയമനാംഗീകാരം ലഭിക്കാൻ കുറഞ്ഞത് മൂന്നു വർഷമെങ്കിലും കാത്തിരിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. എന്നാൽ, സർക്കാർസ്കൂളിലാകട്ടെ, യാതൊരു കാലതാമസവുമില്ല! ഈ കാലതാമസം അധ്യാപകരുടെയും കുടുംബാംഗങ്ങളുടെയും ആത്മഹത്യയിലേക്കുവരെ എത്തിക്കുന്നു. ഒരു ജീവൻ പൊലിഞ്ഞശേഷം ആനുകൂല്യങ്ങളുമായി വീട്ടിലെത്തുന്നതുകൊണ്ടു പ്രയോജനമില്ല.

വച്ചുതാമസിപ്പിക്കുന്നതിലൂടെ ഉദ്യോഗസ്ഥർ എയ്ഡഡ് മേഖലയിലെ ജീവനക്കാർക്കു നൽകേണ്ട ആനുകൂല്യങ്ങൾ വൈകിപ്പിക്കുന്നതും തടസ്സപ്പെടുത്തുന്നതും സർക്കാർ അറിവോടെയാണെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ദിവസവേതനക്കാരൻ എന്ന ലേബലിൽ ഒരധ്യാപകൻ അറിയപ്പെടുമ്പോൾ വളരെക്കുറച്ചുമാത്രം ഉത്തരവാദിത്വങ്ങളുള്ള ഒരധ്യാപകനെയാണ് പലരും സങ്കല്പിക്കുക. കുട്ടികളെ പഠിപ്പിക്കൽ എന്ന കർത്തവ്യം മാത്രം നിർവഹിച്ച് വൈകിട്ട് കുട്ടികളെ വിടുന്നതിനൊപ്പം വീട്ടിലേക്കുപോകുന്ന അധ്യാപകനല്ല ഇന്നത്തെ ദിവസക്കൂലിക്കാരനായ അധ്യാപകൻ. ഡെയ്‌ലി വേജ് അധ്യാപകർ, സ്ഥിരാധ്യാപകർ സ്കൂളിൽ ചെയ്യുന്ന എല്ലാ ജോലികളും ചെയ്യേണ്ടതുണ്ട്. കൂടാതെ, സ്കൂൾബസുണ്ടെങ്കിൽ രാവിലെയും വൈകിട്ടും ബസിൽ 'കിളിയായി' പോകണം. സർക്കാരിന്റെ എല്ലാ ട്രെയ്നിങ്ങുകളിലും പങ്കെടുക്കണം. സ്കൂളിലെ ദൈനംദിനപ്രവർത്തനങ്ങൾ ഉച്ചക്കഞ്ഞി, സ്കൗട്ട് & ഗൈഡ്, എൻ.എസ്.എസ്, ലിറ്റിൽ കൈറ്റ്സ്, വിദ്യാരംഗം, കലാകായിക പരിശീലനങ്ങളും മേളകളും - തുടങ്ങിയവ പഠിപ്പിക്കുന്നതു കൂടാതെ ചെയ്യേണ്ട ജോലികളാണ്. ഈ ജോലിഭാരവും പേറിയാണ് ഓരോ ദിനവും അധ്യാപകൻ വീട്ടിലേക്കു മടങ്ങുന്നത്. വീട്ടിലിരുന്നും അവധിദിനങ്ങളിൽപോലും ദിവസക്കൂലിക്കാർ ശമ്പളമില്ലാതെ ജോലി ചെയ്യുന്നു. സ്കൂളിലെ മീനിയൽ ജോലികൾപോലും ചെയ്യുന്ന ദിവസവേതനക്കാരനായ അധ്യാപകന് പക്ഷേ, കൂലിയില്ല; അല്ലെങ്കിൽ മിനിമം കൂലി!

ഇങ്ങനെ പകൽ മുഴുവൻ സർക്കാരിനെ സേവിച്ചശേഷം അധ്യാപകനു ജീവിക്കണമെങ്കിൽ രാത്രി മറ്റു ജോലികൾ കണ്ടെത്തണം. അധ്യാപകരുടെ പ്രൈവറ്റ് ട്യൂഷൻ നിരോധിച്ചിട്ടുള്ള സർക്കാരിനോട് ദിവസക്കൂലി അധ്യാപകരുടെ മറ്റു ജീവിതമാർഗങ്ങൾ തടസ്സപ്പെടുത്തരുതെന്ന് അപേക്ഷിക്കുന്നു.

**വേർതിരിവുകൾക്കു മടിയില്ലാത്ത സർക്കാർനയം**

സർക്കാർസ്കൂളിലെ ജീവനക്കാരും എയ്ഡഡ്സ്കൂളിലെ ജീവനക്കാരും തമ്മിൽ എന്തുമാത്രം വ്യത്യാസമാണ് രൂപപ്പെടുത്തിയിരിക്കുന്നത്?

സർക്കാർഫണ്ടുപയോഗിച്ച് സർക്കാർസ്കൂളും പരിസരവും സംരക്ഷിക്കുന്നു. എയ്ഡഡ്സ്കൂളിനാകട്ടെ, നാമമാത്രമായ മെയിന്റനൻസ്ഗ്രാന്റ് മാത്രം. എല്ലാം നടത്തിക്കൊള്ളണമെന്ന ഉത്തരവിടാൻ പക്ഷേ, സർക്കാരിന് ഒരു മടിയുമില്ല. അഞ്ചുരൂപയ്ക്കു ബിരിയാണി കൊടുക്കണമെന്നു പറയുന്നവരുടെ കാലമാണിത്. എയ്ഡഡായാലും സർക്കാരായാലും അവിടെ പഠിക്കുന്ന കുട്ടി സർക്കാരിന്റേതാണെന്നും സർക്കാർ നയവും പാഠ്യപദ്ധതിയും മൂല്യനിർണ്ണയരീതിയുമാണ് അവിടെ പിന്തുടരുന്നതെന്നും എന്തേ മറന്നുപോകുന്നു ? കേരളത്തിൽ ഭൂരിഭാഗം കുട്ടികളും പഠിക്കുന്നത് എയ്ഡഡിലാണെന്ന വസ്തുതയെങ്കിലും സർക്കാർ ശ്രദ്ധിക്കണം. സർക്കാരിന് അത്രയും കുട്ടികളെ പഠിപ്പിക്കാനുള്ള ശേഷിയില്ലാത്തതിനാൽ സർക്കാരിനെ സഹായിക്കുന്ന സുഹൃത്തായി വേണം എയ്ഡഡ് സ്കൂൾ മാനേജ്മെന്റിനെ കാണാൻ!

ഇപ്പോൾ കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഭിന്നശേഷി പ്രശ്നം സർക്കാർസ്കൂളുകളെ ബാധിക്കുന്നില്ല. അവിടെ അധ്യാപകരെ നിയമിച്ചാൽ പിറ്റേദിവസമെന്നോണം ശമ്പളം നൽകുന്നു. അധ്യാപകനിയമനകാര്യങ്ങളിൽ വിവിധ വിദ്യാഭ്യാസ ഓഫീസുകൾ വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ച് എയ്ഡഡ് അധ്യാപകരെ കണ്ണീരുകുടിപ്പിക്കുന്നു. സർക്കാർ

നിർദേശിക്കുന്ന എല്ലാ യോഗ്യതകളും നേടിയിട്ടുള്ള അധ്യാപകരാണവർ, വ്യവസ്ഥാപിതതസ്തികകളിലാണ് അവർക്കു നിയമനം നൽകിയിട്ടുള്ളത് എന്നതും മറക്കരുത്.

**എന്തുകൊണ്ട് അധ്യാപകർ സമരത്തിൽ ?**

കേരളാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ക്രൈസ്തവ എയ്ഡഡ്സ്കൂളുകളിലെ അധ്യാപകർ സമരരംഗത്തേക്കിറങ്ങേണ്ടിവന്നിരിക്കുകയാണ്. എൻ. എസ്.എസിന് നൽകിയ ഉത്തരവ് വിവേചനം കൂടാതെ ക്രിസ്ത്യൻ അധ്യാപകർക്കും ലഭ്യമാകണം. എയ്ഡഡ് അധ്യാപകൻ എന്ന നിലയിൽ എൻ. എസ്. എസ് ആയാലും ക്രിസ്ത്യൻ ആയാലും നൽകുന്ന സേവനത്തിനു മാറ്റമില്ല. പിന്നെന്തുകൊണ്ട് ശമ്പളം നൽകിക്കൂടാ ?

സമരത്തിൽ പങ്കെടുക്കുന്ന ക്രൈസ്തവ അധ്യാപകരെല്ലാം സർക്കാർവിരുദ്ധരല്ല. സർക്കാരിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും ഒരേ കളത്തിലിറങ്ങി പ്രതിഷേധിക്കുന്നുവെന്നതാണ് ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്. അത് പക്ഷേ, സഹികെട്ടതുകൊണ്ടാണ്.

തൃശൂരും കോട്ടയത്തും അധ്യാപകപ്രതിഷേധസമരങ്ങൾ നടന്നുകഴിഞ്ഞു. സെപ്റ്റംബർ 26 ന് തിരുവനന്തപുരത്തു വച്ച് വലിയ പ്രതിഷേധസമരം സംഘടിപ്പിക്കുകയാണ്. കാരണമൊന്നു മാത്രം: വർഷങ്ങളായി സർക്കാരിനുവേണ്ടി, പൊതുസമൂഹത്തിനുവേണ്ടി കുഞ്ഞുങ്ങളെ പഠിപ്പിച്ച അധ്യാപകർക്കും ജീവിക്കണം. അതിന് ശമ്പളവും അംഗീകാരവും കൂടിയേ തീരൂ.

ഒരു സമൂഹവും അവിടുത്തെ അധ്യാപകരുടെ നിലവാരത്തേക്കാൾ മുകളിലെത്തില്ല എന്ന പഴഞ്ചൊല്ല് അർത്ഥവത്താണ്. കുഞ്ഞുങ്ങൾക്ക് അറിവു പകർന്നുകൊടുക്കുന്ന, നാളത്തെ സമൂഹത്തെ വാർത്തെടുക്കുന്ന അധ്യാപകരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സർക്കാരിനുമാത്രമാണ്. അധ്യാപകരും ഒരു തൊഴിൽ ചെയ്തു ജീവിക്കുന്നവരാണ്. തൊഴിലാളികൾക്കു

പ്രാമുഖ്യം നൽകുന്ന സർക്കാർ ഭരിക്കുമ്പോൾ അധ്യാപക തൊഴിലിലേർപ്പെട്ടിരിക്കുന്നവർക്ക് കൂലി നൽകണമെന്ന് ഓർമ്മിപ്പിക്കേണ്ടതുണ്ടോ ? സർക്കാർ ഉണർന്നുപ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുന്നു.

**പരിണതഫലങ്ങൾ ആശാസ്യമല്ല**

* ആത്മവിശ്വാസവും അഭിമാനബോധവും നഷ്ടപ്പെട്ട് താത്പര്യം കുറഞ്ഞ അധ്യാപകർ കുഞ്ഞുങ്ങളുടെ മുമ്പിൽ നിൽക്കുന്നു, നിലവാരമുള്ളവർ ഈ മേഖല ഉപേക്ഷിക്കുന്നു.

* കുടുംബം പോറ്റാൻ അധ്യാപകജോലിയിലേർപ്പെട്ടിരിക്കുന്നവർ അവധിദിവസങ്ങളിലും രാത്രികാലങ്ങളിലുമൊക്കെ തട്ടുകടയിലും ഓട്ടോറിക്ഷാഡ്രൈവറായുമൊക്കെ ജോലി ചെയ്യേണ്ടിവരുന്നു.

* അധ്യാപകരുടെ രാഷ്ട്രീയബോധം നഷ്ടപ്പെടുന്നു: ഭരണകക്ഷിയിലുൾപ്പെടെ പ്രവർത്തിക്കുന്ന/ വിശ്വസിക്കുന്ന ധാരാളം എയ്ഡഡ് അധ്യാപകരും കുടുംബങ്ങളുമുണ്ട്. അവർക്ക് ഭരണത്തിലുള്ള താത്പര്യം നഷ്ടപ്പെടുന്നു. അധ്യാപകരുടെ ബോധ്യങ്ങളാണ് വരുംതലമുറയിലേക്കു കൈമാറ്റപ്പെടുന്നത്.

* ഇലക്ഷൻ അടുത്തുവരവെ, തങ്ങളെ ഒട്ടും പരിഗണിക്കാത്ത, ശമ്പളവും നിയമനാംഗീകാരവും നൽകാത്ത ഒരു സർക്കാർ സംവിധാനത്തോട് കൂറു കാട്ടണമെന്ന് ആർക്കു ശഠിക്കാനാകും?

* അധ്യാപകരുടെ കുടുംബങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളും മനസ്സിലാക്കേണ്ടതുണ്ട്. പുരുഷാധ്യാപകർക്ക് മറ്റു മാർഗങ്ങളുപയോഗിച്ച് പ്രതിഷേധം/വരുമാനം സ്വരൂപിക്കാമെങ്കിൽ വനിതാധ്യാപകരുടെ കാര്യം പരിതാപകരമാണ്. കുടുംബങ്ങൾക്കകത്ത് ശമ്പളമില്ലാത്ത മകൾ/ മരുമകൾ ഒരു ബാധ്യതയാണ്. ശമ്പളമില്ലാതെ, അധ്യാപികയെന്നു പറഞ്ഞ് എല്ലാ ദിവസവും സ്കൂളിലേക്കു പോകുന്നതിനു പിന്നിലെ യുക്തി പല കുടുംബാംഗങ്ങൾക്കും മനസ്സിലാകുന്നില്ല.

* വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാതെ, മതിയായ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകർ കടുത്ത മാനസിക സംഘർഷത്തിലേക്കും വിഷാദത്തിലേക്കും വഴുതിവീഴുന്നു.

ഒരുപാട് മാനസികപ്രയാസങ്ങൾ നേരിടുന്ന നമ്മുടെ യുവ അധ്യാപകരെ ഇനിയും കഷ്ടപ്പെടുത്തരുത്.

---

NB : ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് 25-08-2025 ൽ ദീപിക ദിനപത്രത്തിൽ എഴുതിയ ലേഖനം.

## സംഭാവനശേഖരണം

2024 സെപ്റ്റംബർ 14–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും പാലാ കാരിത്താസിനുവേണ്ടിയുള്ള പിരിവ് നടത്തുകയും പ്രസ്തുത തുക ഒക്ടോബർ 20–ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

## സമ്പർക്കമാധ്യമദിനം

സെപ്റ്റംബർ 21–ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ സമ്പർക്കമാധ്യമദിന സംഭാവനശേഖരണം നടത്തുകയും ലഭിക്കുന്ന തുക ഒക്ടോബർ 20–നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**ഹൃദ്രോഗികൾക്കായി മാർ സ്ലീവാ മെഡിസിറ്റിയിൽ ഹാർട്ട് ഫെയിലർ ക്ലിനിക്ക് പ്രവർത്തനം തുടങ്ങി**

ഹൃദ്രോഗസംബന്ധമായ രോഗങ്ങൾ നേരിടുന്നവർക്കായി മാർ സ്ലീവാ മെഡിസിറ്റിയിൽ കാർഡിയാക് സയൻസസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ പുതിയ ഹാർട്ട് ഫെയിലർ ക്ലിനിക്കിനു തുടക്കമായി. അനൂപ് ജേക്കബ് എം.എൽ.എ. ഉദ്ഘാടനം നിർവഹിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ഹാർട്ട് ഫെയിലർ ക്ലിനിക്കിനെക്കുറിച്ച് കാർഡിയാക് സയൻസസ് വിഭാഗം മേധാവി ഡോ.രാംദാസ് നായിക് വിശദീകരിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു എന്നിവർ പ്രസംഗിച്ചു. ഹൃദ്രോഗികൾക്കും ഹൃദ്രോഗ ലക്ഷണങ്ങൾ ഉള്ളവർക്കും ആധുനിക സമഗ്രചികിത്സകൾ ഉറപ്പാക്കുക എന്നതാണ് ക്ലിനിക്കിന്റെ ലക്ഷ്യം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വിദേശമലയാളിക്ക് എ.സി.എൽ അല്ലോ ഗ്രാഫ്റ്റ് പുനഃസ്ഥാപനചികിത്സാവിജയം**

അല്ലോഗ്രാഫ്റ്റ് ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയയിലൂടെ സ്പോർട്സ് മെഡിസിൻചികിത്സയിൽ മാർ സ്ലീവാ മെഡിസിറ്റി വീണ്ടും നേട്ടം കുറിച്ചു. വിദേശത്തുവച്ച് ക്രിക്കറ്റ്കളിക്കിടെ വീണു കാൽമുട്ടിനു പരുക്കേറ്റ 40 വയസ്സുള്ള കോട്ടയംസ്വദേശിയായ യുവാവിനാണ് അവയവമാറ്റത്തിലൂടെ (അല്ലോ ഗ്രാഫ്റ്റ് ട്രാൻസ്പ്ലാന്റേഷൻ) എ.സി.എൽ (ആന്റീരിയർ ക്രൂഷ്യേറ്റ് ലിഗ്മെന്റ്) പുനഃസ്ഥാപിക്കുന്ന ശസ്ത്രക്രിയ ആശുപത്രിയിൽ വിജയകരമായി പൂർത്തി യാക്കിയത്. ബെംഗളൂരുവിലെ ലൈസൻസുള്ള ടിഷ്യുബാങ്കിൽനിന്ന് അണു ബാധയുണ്ടാകാതെ ഏറെ സുരക്ഷിതമായാണ് ശസ്ത്രക്രിയയ്ക്കായി ഉന്നത നിലവാരത്തിൽ അല്ലോഗ്രാഫ്റ്റ് ആശുപത്രിയിൽ എത്തിച്ചത്. ഓർത്തോ പീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.രാജീവ് പി.ബിയുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. മരണാനന്തരം ദാനം ചെയ്യുന്നവരുടെ അല്ലോഗ്രാഫ്റ്റ് ഇതരസംസ്ഥാനങ്ങളിലെ ലൈസൻസുള്ള ടിഷ്യുബാങ്കു കളിലാണ് ഉയർന്നനിലവാരത്തിൽ സംരക്ഷിച്ചുസൂക്ഷിക്കുന്നത്. ചെറിയ താപത്തിൽ സ്റ്റെറിലൈസ് ചെയ്തു സൂക്ഷിക്കുന്നതിനാൽ അല്ലോഗ്രാഫ്റ്റു കളിൽ അണുബാധയുണ്ടാകാനുള്ള സാധ്യതയില്ല. അല്ലോഗ്രാഫ്റ്റ് പുനഃ സ്ഥാപിക്കുന്നതിലൂടെ പുനരധിവാസവും സാധാരണനിലയിലേക്കുള്ള മടങ്ങി വരവും എളുപ്പത്തിലാകും. സ്വന്തം കാലിൽനിന്നു പേശികൾ ശസ്ത്രക്രിയ യ്ക്കായി എടുക്കുമ്പോൾ ഉണ്ടാകുന്ന പേശീബലക്കുറവ് ഒഴിവാക്കുന്നതിനും അല്ലോഗ്രാഫ്റ്റ് സഹായകമാണ്. കായികതാരങ്ങൾക്കു പരുക്കു ഭേദമായി പെട്ടെന്നു കളിയിലേക്കു തിരികെയെത്താനും സാധിക്കും. കഴിഞ്ഞ ജനുവരി യിൽ സംസ്ഥാനത്തെ ആദ്യ അല്ലോഗ്രാഫ്റ്റ് കാർട്ടിലേജ് ട്രാൻസ്പ്ലാന്റേഷനും ഡോ.രാജീവ് പി.ബിയുടെ നേതൃത്വത്തിൽ സ്പോർട്സ്ചികിത്സയ്ക്കു പ്രത്യേകസൗകര്യമുള്ള മാർ സ്ലീവാ മെഡിസിറ്റിയിൽ വിജകരമായി നടത്തി യിരുന്നു. ഓർത്തോപീഡിക്സ്വിഭാഗത്തിലെ ഡോ.അഭിരാം കൃഷ്ണൻ, അനസ്തേഷ്യോളജിവിഭാഗത്തിലെ ഡോ.ജെയിംസ് സിറിയക്, ഡോ.അജിത് പി.തോമസ് എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി. സുഖം പ്രാപിച്ച യുവാവ് വിദേശത്തേക്കു മടങ്ങുകയും ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റി അസംപ്ഷൻ മെഡിക്കൽ സെന്റർ മേലുകാവു മറ്റം വാർഷികം ആഘോഷിച്ചു**

മാർ സ്ലീവാ മെഡിസിറ്റി അസംപ്ഷൻ മെഡിക്കൽ സെന്റർ മേലുകാവുമറ്റം ഒന്നാം വാർഷികാഘോഷം നടത്തി.

ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം നിർവഹിച്ചു. ഒന്നാംവാർഷികത്തോടനുബന്ധിച്ചു മേലുകാവു മറ്റത്ത് ആരംഭിക്കുന്ന ഹോം കെയർ സർവീസിന്റെ ഫ്ളാഗ് ഓഫും മോൺ.

ഡോ. ജോസഫ് കണിയോടിക്കൽ നിർവഹിച്ചു. സെന്റ് തോമസ് ചർച്ച് വികാരി റവ.ഡോ.ജോർജ് കാരാംവേലിൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്തു പ്രസിഡന്റ് ജോസുകുട്ടി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ഹോസ്പിറ്റൽ ഓപ്പറേഷൻസ് - ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ് ഡയറക്ടർ റവ.ഫാ.ഗർവാസീസ് ആനിത്തോട്ടത്തിൽ, കെയ്ലിലാന്റ് സെന്റ് ലൂക്ക്സ് സി.എസ്.ഐ ചർച്ച് വികാരി റവ.ജെയിംസ് പി.മാമ്മൻ,ഫാമിലി ഫിസിഷ്യൻ ഡോ.ആൻ ടോമിന തോമസ് എന്നിവർ പ്രസംഗിച്ചു. ഒന്നാം വാർഷികത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി സൗജന്യ നേത്രരോഗ പരിശോധനക്യാമ്പും സംഘടിപ്പിച്ചു. ഒഫ്താൽമോളജിവിഭാഗത്തിലെ ഡോ.ജ്യോതി വി.എസ്. പരിശോധനയ്ക്കു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ലോക അവയവദാനദിനാചരണം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ലോക അവയവദാനദിനാചരണം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ ഡോ.ജോസഫ് കണിയോടിക്കൽ സന്ദേശം നൽകി. നെഫ്രോളജിവിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ.മഞ്ജുള രാമചന്ദ്രൻ, യൂറോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ.വിജയ് രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. മാർ സ്ലീവാ കോളജ് ഓഫ് നഴ്സിങ്ങിലെ വിദ്യാർത്ഥിനികൾ ബോധവൽക്കരണ സന്ദേശവുമായി ഫ്ളാഷ് മോബ് അവതരിപ്പിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോന ചർച്ച് വികാരി റവ.ഫാ.മാത്യു തെക്കേൽ പതാക ഉയർത്തുകയും സന്ദേശം നൽകുകയും ചെയ്തു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ പങ്കെടുത്തു. ഹോസ്പിറ്റൽ ഓപ്പറേഷൻസ് - ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ് ഡയറക്ടർ റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ.ഗോപിനാഥ് എം എന്നിവർ പ്രസംഗിച്ചു. സെക്യൂരിറ്റിജീവനക്കാരുടെ പരേഡ്, സമ്മാനദാനം, മധുരവിതരണം എന്നിവയും നടത്തി.

**C- ARM മെഷീന്റെ ആശീർവാദം നടത്തി**

മാർ സ്ലീവാ മെഡിസിറ്റി ശസ്ത്രക്രിയ തീയറ്ററിൽ സ്ഥാപിച്ച പുതിയ C-ARM മെഷീന്റെ ആശീർവാദം നടത്തി. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് മുഖ്യകാർമികത്വം വഹിച്ചു.

**കണ്ടിന്യൂയിങ് നഴ്സിങ് എജ്യൂക്കേഷൻ പരിപാടി - ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ മാർ സ്ലീവാ കോളജ് ഓഫ് നഴ്സിങ്ങിൽ നടന്ന കണ്ടിന്യൂയിങ് നഴ്സിങ് എജ്യുക്കേഷൻ പരിപാടിയിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ

നേതൃത്വത്തിൽ ക്ലാസ്സുകൾക്കു നേതൃത്വം നൽകി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ.ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. സൈക്യാട്രിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.റോയി എബ്രഹാം കള്ളിവയലിൽ, കൺസൾട്ടന്റ് ഡോ.ടിജോ ഐവാൻ ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**രക്തദാനക്യാമ്പ് നടത്തി - രാമപുരം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിൽ എസ്.എം.വൈ.എം യൂണിറ്റുമായി സഹകരിച്ച് രക്തദാനക്യാമ്പ് നടത്തി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിപാടി - കിടങ്ങൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കിടങ്ങൂർ എൻ.എസ്.എസ്. ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്കായി സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി. എമർജൻസി മെഡിസിൻ ടെക്നീഷ്യൻ അഖിൽ ക്ലാസ്സ് നയിച്ചു.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിപാടി - മുത്തോലി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മുത്തോലി സെന്റ് ആന്റണീസ് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്കായി ലയൺസ് ക്ലബ്ബുമായി സഹകരിച്ച് സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലന പരിപാടി നടത്തി. അസി. നഴ്സിങ് സൂപ്രണ്ട് അലോഷ്യസ് ഫ്രാൻസിസ്കാ ഫ്രാൻസിസ് ക്ലാസ്സ് നയിച്ചു.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് - കടനാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കൻഡറി സ്കൂളിൽ ലയൺസ് ക്ലബ്ബ് ഓഫ് കൊല്ലപ്പള്ളിയുമായി സഹകരിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.എയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - കാഞ്ഞിരപ്പള്ളി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളജ് ഓഫ് എൻജിനീയറിങ്ങിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ച് സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ജ്യോതിഷ് രാജ് പി.ക്ലാസ്സ് നയിച്ചു.

**സൗജന്യ എച്ച്ബിഎ1സി മെഡിക്കൽ ക്യാമ്പ് - മേലുകാവുമറ്റം**

മാർ സ്ലീവാ മെഡിസിറ്റി മേലുകാവുമറ്റം അസംപ്ഷൻ മെഡിക്കൽ സെന്ററിൽ വച്ച് പ്രമേഹരോഗനിർണ്ണയത്തിനായി സൗജന്യ എച്ച്ബിഎ1സി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ വൈദ്യസഹായം നൽകി - പാലാ**

പാലാ സെന്റ് തോമസ് കത്തീദ്രലിൽ നടന്ന പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി സമാപനപരിപാടികളിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു നൽകി

**മൈൻഡ്ഫുൾനെസ് റിലേഷൻഷിപ്പ് പ്രോഗ്രാം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ക്ലിനിക്കൽ സൈക്കോളജിവിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ കോളജുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മൈൻഡ്ഫുൾനെസ് ബേസ്ഡ് റിലേഷൻഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത് നേതൃത്വം നൽകി.

**സൗജന്യ വൈദ്യസഹായം നൽകി - ഭരണങ്ങാനം**

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനം തീർത്ഥാടനകേന്ദ്രത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യവൈദ്യസഹായം ക്രമീകരിച്ചുനൽകി.

**സൗജന്യ ബി.എൽ.എസ് പരിശീലനവും**
**ബ്ലഡ്ഗ്രൂപ്പ് നിർണയവും - ചിറക്കടവ്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചിറക്കടവ് വി.എസ്.യു.പി സ്കൂളിൽ സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും ബ്ലഡ് ഗ്രൂപ്പ് നിർണയവും നടത്തി. അസി. നഴ്സിങ് സൂപ്രണ്ട് അലോഷ്യസ് ഫ്രാൻസിസ്കാ ഫ്രാൻസിസ് പരിശീലനത്തിനു നേതൃത്വം നൽകി.

**സൗജന്യ ന്യൂറോളജി മെഡിക്കൽ ക്യാമ്പ് - അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ സർവീസ് സെന്ററിൽ വച്ച് സൗജന്യ ന്യൂറോളജി മെഡിക്കൽ ക്യാമ്പ് നടത്തി. ന്യൂറോളജിവിഭാഗം കൺസൾട്ടന്റ് ഡോ.ജോസ് കുന്നേൽ പോൾ നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സ് - മാന്നാനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാന്നാനം കെ.ഇ. കോളജിൽ സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ജോഫിൻ കെ. ജോണി ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - രാമപുരം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻസ് ഹയർസെക്കൻഡറി സ്കൂളിൽ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നടത്തി. ക്ലിനിക്കൽ എജ്യുക്കേറ്റർ നീതു ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഹെൽത്ത് ടോക്ക് സീരീസ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹ്യൂമൻ റിസോഴ്സസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ജീവനക്കാർക്കായി ഹെൽത്ത് ടോക്ക് സീരീസ് നടത്തി. ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗത്തിലെ ഡോ. അനിറ്റ് കാതറീൻ ചാൾസ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും - മാഞ്ഞൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോൺഗ്രസ് മാഞ്ഞൂർ മണ്ഡലം കമ്മിറ്റിയുമായി സഹകരിച്ച് സൗജന്യ സ്തനാർബുദ ബോധവൽക്കരണക്ലാസ്സും മെഡിക്കൽ ക്യാമ്പും നടത്തി. ഓങ്കോളജിവിഭാഗം കൺസൾട്ടന്റ് ഡോ. സോൻസ് പോൾ ക്ലാസ്സ് നയിച്ചു.

**സൗജന്യ പിഎഫ്ടി, ബ്ലഡ്ഗ്രൂപ്പിങ് ക്യാമ്പുകൾ നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാംവാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹിക പദ്ധതികളുടെ ഭാഗമായി കൊഴുവനാൽ സെന്റ് ജോൺ നെപുംസ്യാൻസ് പള്ളി, പ്ലാശനാൽ സെന്റ് മേരീസ് പള്ളി എന്നിവിടങ്ങളിൽ സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിങ് ക്യാമ്പുകൾ നടത്തി. പൾമണറിവിഭാഗം കൺസൾട്ടന്റ് ഡോ. രാജ്കൃഷ്ണൻ എസ്, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. മിഥുൻ ജെ എന്നിവർ നേതൃത്വം നൽകി.

**സൗജന്യ നേത്രപരിശോധനക്യാമ്പ് - ളാലം പഴയപള്ളി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ച് സൗജന്യ നേത്രരോഗപരിശോധന ക്യാമ്പും ബോധവൽക്കരണക്ലാസ്സും നടത്തി. ഒഫ്താൽമോളജിവിഭാഗം കോർഡിനേറ്റർ ഡോ.ജ്യോതി വി.എസ് പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - ചേർപ്പുങ്കൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചേർപ്പുങ്കൽ ബി.വി.എം ഹോളിക്രോസ് കോളജിൽ സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നടത്തി. അസി.നഴ്സിങ് സൂപ്രണ്ട് അലോഷ്യസ് ഫ്രാൻസിസ്കാ ഫ്രാൻസിസ് നേതൃത്വം നൽകി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - കിടങ്ങൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കിടങ്ങൂർ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾക്കായി ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപരിപാടി നടത്തി. എമർജൻസി മെഡിസിൻ ടെക്നീഷ്യൻ അഖിൽ ക്ലാസ്സിനു നേതൃത്വം നൽകി.

**ഡോ.സജീഷ് എസ്.ആർ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂറോളജിവിഭാഗം മേധാവിയായി ഡോ. സജീഷ് എസ്.ആർ ചുമതലയേറ്റു.

**ഡോ.കെ. ലീറ്റ ജോർജ് ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗം റജിസ്ട്രാറായി ഡോ. കെ. ലീറ്റ ജോർജ് ചുമതലയേറ്റു

**ഡോ. എസ് ബാലശങ്കർ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിങ് വിഭാഗത്തിൽ റേഡിയോളജിസ്റ്റായി ഡോ.എസ്.ബാലശങ്കർ ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ

* മാർ അഗസ്റ്റിൻ ചരണകുന്നേൽ (റെയ്പൂർ മുൻ ആർച്ചുബിഷപ്)
* മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ)

**വിശുദ്ധ അൽഫോൻസാമ്മയുടെ ജന്മദിനം**

വിശുദ്ധ അൽഫോൻസാമ്മയുടെ ജന്മദിനം ഓഗസ്റ്റ് 19-ാം തീയതി തീർത്ഥാടനകേന്ദ്രത്തിൽ സമുചിതമായി ആഘോഷിച്ചു. അന്നേദിവസം ഭരണങ്ങാനം സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ.പി. സ്കൂളിലെയും, നഴ്സറി സ്കൂളിലെയും കുട്ടികൾ തീർത്ഥാടനമായി കബറിടത്തിങ്കലെത്തി. ബഹുമാനപ്പെട്ട റെക്ടറച്ചൻ കുട്ടികൾക്കു സന്ദേശം നൽകുകയും മധുരം വിതരണം ചെയ്യുകയും ചെയ്തു. വൈകുന്നേരം 5 മണിക്ക് പാലാ സെന്റ് വിൻസെന്റ് ആശ്രമം സുപ്പീരിയർ റവ. ഡോ. ജെയിംസ് നരിതൂക്കിൽ സിഎംഐ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് മെഴുകുതിരി ജപമാലപ്രദക്ഷിണവും നടത്തി.

**ഡീക്കൻ മിനിസ്ട്രി**

കഴിഞ്ഞ മൂന്നുമാസക്കാലമായി തീർത്ഥാടനകേന്ദ്രത്തിൽ ഡീക്കൻ മിനിസ്ട്രി ചെയ്തുവന്നിരുന്ന ഡീക്കൻ ഡോൺ മേനാച്ചേരി സിഎംഐ തന്റെ മിനിസ്ട്രി പൂർത്തിയാക്കി, തിരുപ്പട്ടസ്വീകരണ ഒരുക്കത്തിനായി തിരിച്ചുപോയി. രാജ്ഘോഷ്ട്രൂപതയ്ക്കുവേണ്ടി പരിശീലനം നേടുന്ന ഡീക്കന്റെ നിസ്വാർത്ഥമായ സേവനങ്ങളെ നന്ദിയോടെ ഓർക്കുകയും തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയിലും വൈദികജീവിതത്തിലും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.

**പുതിയ ഡീക്കന് സ്വാഗതം**

വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ഡീക്കൻ മിനിസ്ട്രി ചെയ്യുന്നതിനായി തിടനാട് ഇടവകാംഗമായ ബിപിൻ പടന്നമാക്കൽ എത്തിച്ചേർന്നു. ഹോളി ട്രിനിറ്റി സഭാംഗമായ ഡീക്കന് തീർത്ഥാടനകേന്ദ്രത്തിലേക്കു ഹൃദ്യമായ സ്വാഗതം.

**രാത്രിയാരാധന**

ഓഗസ്റ്റ് 14 ന് എഫ്സിസി അൽഫോൻസാ ജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ രാത്രിയാരാധന നടത്തപ്പെട്ടു.

**രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ എല്ലാമാസവും അവസാനത്തെ ശനിയാഴ്ചകളിൽ നടത്തിവരാറുള്ള രാത്രിയാരാധന ഓഗസ്റ്റ് 30-ാം തീയതി നടത്തപ്പെട്ടു. വൈകുന്നേരം ഏഴുമണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ശുശ്രൂഷകൾ രാവിലെ നാലുമണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു.

ഓഗസ്റ്റ് മാസത്തിൽ ജപമാലപ്രദക്ഷിണത്തിനു കാർമികത്വം വഹിച്ചവർ:

ഓഗസ്റ്റ് 9 - ഫാ.ജോസഫ് അമ്പാട്ടുപടവിൽ
(വൈസ്ചാൻസിലർ/സെക്രട്ടറി, കാനഡ)

ഓഗസ്റ്റ് 16- ഫാ. ചെറിയാൻ മൂലയിൽ
(വാർഡൻ, SJCET- ചൂണ്ടച്ചേരി)

ഓഗസ്റ്റ്19- റവ. ഡോ. ജെയിംസ് നരിതൂക്കിൽ CMI
(സുപ്പീരിയർ, സെന്റ് വിൻസെന്റ് ആശ്രമം, പാലാ).

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷാറിസൾട്ട്**

2024-25 അധ്യയനവർഷത്തിലെ സൺഡേസ്കൂൾ വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചു. പങ്കെടുത്ത എല്ലാവർക്കും പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും അനുമോദനങ്ങൾ! വിജയികളായവർക്കും സമ്മാനാർഹരായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ!

**പഠനത്തിനുള്ള എവർറോളിങ് ട്രോഫികൾ**

| | | |
|---|---|---|
| A വിഭാഗം - 1st - | മേരിലാന്റ് | 2nd പാലക്കാട്ടുമല |
| B വിഭാഗം- 1st | മേലുകാവുമറ്റം | 2nd തുടങ്ങനാട് |
| C വിഭാഗം- 1st | തിടനാട് | 2nd ഭരണങ്ങാനം & കുറവിലങ്ങാട് |

**CTP കോഴ്സ് 2025-26**

2025-26 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഓഗസ്റ്റ് മാസത്തിലെ ക്ലാസുകൾ 2025 ഓഗസ്റ്റ് 9, 28 തീയതികളിൽ റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, റവ. ഡോ. ജോൺ കണ്ണന്താനം എന്നിവർ നയിച്ചു.

**സെപ്റ്റംബർമാസത്തിലെ ക്ലാസുകൾ**

സെപ്റ്റംബർ 4 വ്യാഴാഴ്ച - The Ecclesiology of the Syro Malabar Church: റവ. ഡോ. ജോസഫ് മുത്തനാട്ട്

സെപ്റ്റംബർ 6 ശനിയാഴ്ച - Media and its Importance in Catechism: റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം

സെപ്റ്റംബർ 13 ശനിയാഴ്ച - Bible II : റവ. ഡോ. തോമസ് വടക്കേൽ

**സ്കൂൾ കാറ്റിക്കിസം അധ്യാപകസംഗമം**

സ്കൂളുകളിൽ പത്താംക്ലാസ്സിൽ കാറ്റിക്കിസം പഠിപ്പിക്കുന്ന അധ്യാപകരുടെ സംഗമം 26/08/2025 ചൊവ്വാഴ്ച ഭരണങ്ങാനം മാതൃഭവനിൽ ഫാ. ജോർജ് പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ഡോ. തോമസ് മണ്ണൂർ, ഫാ.ഡോ. ജോസഫ് അരിമറ്റത്തിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**ക്വസ്റ്റ്യൻ ബോർഡ് മീറ്റിങ്**

2025-26 അധ്യയനവർഷത്തിലെ വിശ്വാസപരിശീലനപാഠ്യപദ്ധതിയുടെ ഭാഗമായുള്ള ക്വസ്റ്റ്യൻ ബോർഡ് മീറ്റിങ് 2025 ഓഗസ്റ്റ് 16 ശനിയാഴ്ച മൂന്നുമണിക്ക് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെൻററിൽ വച്ചു നടത്തപ്പെട്ടു.

**മെറിറ്റ് ഡേ ആഘോഷവും സ്കോളർഷിപ്പ് വിതരണവും**

2024-25 അധ്യയനവർഷത്തിലെ സ്കൂൾമതബോധന-സന്മാർഗപരിശീലന പരീക്ഷയിൽ സമ്മാനാർഹരായവർക്കുള്ള സ്കോളർഷിപ്പുവിതരണം 2025 ഓഗസ്റ്റ് 15 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്നു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സ്വാഗതം ചെയ്തു സംസാരിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് ഉദ്ഘാടനവും മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പാലാ രൂപത കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി സെക്രട്ടറി റവ.ഫാ. ജോർജ് പുല്ലുകാലായിൽ എന്നിവർ സ്കോളർഷിപ്പ് വിതരണവും നടത്തി. ബഹു. സി. ആനി തെരേസ കൃതജ്ഞത അർപ്പിച്ചു.

**മതബോധന-സന്മാർഗ പരിശീലനം -ഒന്നാം ടേം പരീക്ഷ**

സ്കൂൾതലത്തിലുള്ള മതബോധന-സന്മാർഗപരിശീലനത്തിന്റെ ഒന്നാം ടേം പരീക്ഷ 2025 സെപ്റ്റംബർ 9-ാം തീയതി നടത്തപ്പെടുന്നതാണ്. പരീക്ഷ

യ്ക്കാവശ്യമായ ചോദ്യപ്പേപ്പറുകൾ സെപ്റ്റംബർ 8-ാം തീയതി തിങ്കളാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു വിതരണം ചെയ്യുന്നതാണ്.

**രൂപതാതല രചനാമത്സരങ്ങൾ**

ഈ വർഷത്തെ രൂപതാതല രചനാമത്സരങ്ങൾ 2025 ഓഗസ്റ്റ് 31 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.45 ന് ഭരണങ്ങാനം മാതൃഭവനിലും സേക്രഡ് ഹാർട്ട് ഹൈസ്കൂളിലും സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലും വച്ച് നടത്തപ്പെട്ടു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. നിയമനം**

ഗുജറാത്ത് റീജണിൽ ശുശ്രൂഷയ്ക്കായി പുതുതായി എത്തിയ ഫാ.ജോസഫ് കൈതോലിൽ ബാപ്പുനഗർ മദർ മേരി ചർച്ച് വികാരിയായും, ഫാ. ജോസഫ് ആറ്റുചാലിൽ റീജണൽ ഹൗസ് ഇൻ ചാർജും വഡോദര സെന്റ് മേരീസ് ചർച്ച് അസോസിയേറ്റ് വികാരിയായും നിയമിതരായി.

**2. വി. അൽഫോൻസാമ്മയുടെ തിരുനാൾ**

റീജണിലെ എല്ലാ ഇടവകകളിലും കുർബാനസെന്ററുകളിലും വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

**3. പരി. ദൈവമാതാവിന്റെ സ്വർഗാരോഹണം**

റീജണിലെ എല്ലാ ഇടവകകളിലും കുർബാനസെന്ററുകളിലും പരി. ദൈവമാതാവിന്റെ സ്വർഗാരോഹണത്തിരുനാൾ ഭക്ത്യാദരപൂർവം ആചരിച്ചു. മനേജാ സെന്റ് അൽഫോൻസാ ദൈവാലയത്തിലെ തിരുനാളാചരണത്തിന് ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**4. ചെയ്ൻ റോസറി**

പരി. ദൈവമാതാവിന്റെ സ്വർഗാരോഹണത്തിരുനാളിനോടനുബന്ധിച്ച് മാതൃവേദി ഗുജറാത്ത് റീജന്റെ ആഭിമുഖ്യത്തിൽ ചെയ്ൻ റോസറി നടത്തപ്പെട്ടു.

**5. ഏകദിനധ്യാനം**

മാതൃവേദി ഗുജറാത്ത് റീജന്റെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി ഏകദിന ധ്യാനം നടത്തപ്പെട്ടു.

**6. കുടുംബസംഗമം**

SMYM മണിനഗർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഗമം നടത്തപ്പെട്ടു

ഫാ. **ജോർജ് നെല്ലിക്കൽ** (റീജണൽ സെക്രട്ടറി)

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സമിതിയുടെ ഓഗസ്റ്റ് മാസത്തെ എക്സിക്യൂട്ടീവ് യോഗം ഓഗസ്റ്റ് 3-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ശ്രീ ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി.

**രൂപത മാനേജിങ് കമ്മിറ്റി യോഗം**

മിഷൻലീഗ് പാലാ രൂപത മാനേജിങ് കമ്മിറ്റിയോഗം ഓഗസ്റ്റ് 3 ഞായറാഴ്ച വൈകുന്നേരം നാലുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ശ്രീ. ബെന്നി മുത്തനാട്ട് യോഗത്തിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മാനേജിങ് കമ്മിറ്റി യോഗത്തിൽ മിഷൻലീഗ് രൂപത, മേഖല വൈസ് ഡയറക്ടർമാരെ ആദരിച്ചു.

**മിഷൻലീഗ് സംഗമം നടത്തി**

മിഷൻലീഗ് സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ ഭരണങ്ങാനം സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്കൂളിൽ വച്ച് വൈസ് ഡയറക്ടർമാരുടെയും അല്മായരുടെയും സംയുക്തസമ്മേളനം നടന്നു. സമ്മേളനം ബിഷപ് മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. മിഷൻലീഗ് സംസ്ഥാന പ്രസിഡന്റ് ശ്രീ. രഞ്ജിത് മുതുപ്ലാക്കൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ പി.സി. എബ്രഹാം പല്ലാട്ടുകുന്നേലിന്റെ(കുഞ്ഞേട്ടൻ) അനുസ്മരണം മിഷൻ ലീഗ് സംസ്ഥാന സമിതിയുടെയും പാലാ രൂപത സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ഓഗസ്റ്റ് 10-ാം തീയതി ചെമ്മലമറ്റം ശാഖയിൽ വച്ചുനടന്നു. അനുസ്മരണ സമ്മേളനം പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവ് ഉദ്ഘാടനം ചെയ്തു.

**മേഖല വാർത്തകൾ**

**1.അരുവിത്തുറ മേഖല**

**ശാഖാസന്ദർശനങ്ങൾ**

ഫീലിയ 2k25 എന്ന പേരിൽ ശാഖാസന്ദർശനങ്ങൾ നടന്നു. ഓഗസ്റ്റ് 17,24 തീയതികളിലായി 7 ശാഖകൾ മേഖലാസമിതിയുടെ നേതൃത്വത്തിൽ

സന്ദർശിച്ചു. ചേറ്റുതോട്, വാരിയാനിക്കാട്, ചെമ്മലമറ്റം, തിടനാട്, പയസ്മൗണ്ട്, കളത്തൂക്കടവ്, ഇടമറുക് എന്നീ ശാഖകളാണ് സന്ദർശിച്ചത്.

**മേഖല എക്സിക്യൂട്ടീവ്**

ഓഗസ്റ്റ് മാസം പത്താംതീയതി മേഖല എക്സിക്യൂട്ടീവ് യോഗം നടന്നു. മേഖലാപ്രസിഡന്റ് ശ്രീ.ജോണി മുണ്ടമറ്റം യോഗത്തിൽ അധ്യക്ഷത വഹിച്ചു.

**കുഞ്ഞേട്ടൻ അനുസ്മരണം**

ഓഗസ്റ്റുമാസം പത്താം തീയതി മേഖലാസമിതിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽവച്ച് കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

**മേഖല രചനാമത്സരം**

ഓഗസ്റ്റുമാസം പത്താം തീയതി അരുവിത്തറ സെന്റ് ജോർജ് കോളജിൽവച്ച് അരുവിത്തുറ മേഖല രചനാമത്സരം നടന്നു. മേഖലയിലെ 13 ശാഖകളിൽനിന്നുള്ള മത്സരാർത്ഥികൾ രചനാമത്സരത്തിൽ പങ്കെടുത്തു.

**മേഴ്സിഭവൻസന്ദർശനം**

അരുവിത്തുറ മേഖലാസമിതിയുടെ നേതൃത്വത്തിൽ ഓഗസ്റ്റുമാസം പതിനേഴാം തീയതി തിടനാട് മേഴ്സിഭവൻ സന്ദർശിച്ചു.

**'ആവേ മരിയ' സന്ദർശനം**

അരുവിത്തുറ മേഖലാസമിതിയുടെ നേതൃത്വത്തിൽ മാനസികവെല്ലുവിളി നേരിടുന്ന സ്ത്രീകളുടെ പുനരധിവാസകേന്ദ്രമായ പെരുന്നിലം 'ആവേ മരിയ' ഓഗസ്റ്റ് മാസം 24-ാം തീയതി സന്ദർശിച്ചു.

**കബറിടസന്ദർശനം**

മിഷൻലീഗ് സ്ഥാപകനേതാവായ പി.സി എബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) കബറിടം ഓഗസ്റ്റുമാസം പതിനേഴാംതീയതി അരുവിത്തുറ മേഖല എക്സിക്യൂട്ടീവ് സമിതി സന്ദർശിച്ചു പ്രാർത്ഥിച്ചു.

**1. ഭരണങ്ങാനം മേഖല**

ഭരണങ്ങാനം മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനം മല്ലികശ്ശേരി ഇടവകയിൽവച്ച് ജൂലൈ 20 നു നടന്നു. വിശുദ്ധബലിയെത്തുടർന്ന് പ്രേഷിത റാലിയും പൊതുസമ്മേളനവും നടന്നു. ഭരണങ്ങാനം മേഖല ഡയറക്ടർ റവ. ഫാ. മാത്യു തയ്യിൽ ഉദ്ഘാടനവും, മല്ലികശ്ശേരി ഇടവകവികാരി റവ. ഫാ. ജോസഫ് പരവുമ്മേൽ മാർഗരേഖപ്രകാശനവും നിർവഹിച്ചു. യോഗത്തിൽ ഭരണങ്ങാനം മേഖല പ്രസിഡന്റ് റോബി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. വിവിധ കലാപരിപാടികളും ഉദ്ഘാടനസമ്മേളനത്തിന്റെ ഭാഗമായി നടന്നു.

**2. ഇലഞ്ഞി മേഖല**

സി.എം.എൽ ഇലഞ്ഞിമേഖലയുടെ നേതൃത്വത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചു മേഖലയിലെ വൈസ് ഡയറക്ടർമാരെ ആദരിച്ചു. മേഖലയുടെ 2025-2026 വർഷത്തെ കർമരേഖ മേഖലാ ഡയറക്ടർ റവ.ഫാ. ജോസഫ് ആലാനിക്കൽ, മേഖലാപ്രസിഡന്റ് ശ്രീ ജിബു ജെയിംസിനു നൽകി പ്രകാശനം ചെയ്തു.

**3. തീക്കോയി മേഖല**

**രചനാമത്സരങ്ങൾ നടത്തി**

ചെറുപുഷ്പമിഷൻലീഗ് തീക്കോയിമേഖലയുടെ ആഭിമുഖ്യത്തിൽ മേഖലതല രചനാമത്സരങ്ങൾ നടന്നു. ഓഗസ്റ്റ് 17-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടന്ന മത്സരങ്ങളിൽ മേഖലയിലെ വിവിധ ഇടവകകളിൽനിന്നുള്ള കുട്ടികളും വിശ്വാസപരിശീലകരും പങ്കെടുത്തു.

**4. കോതനല്ലൂർ മേഖല**

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെമ്മലമറ്റംശാഖയിൽവച്ചു നടന്ന, മിഷൻലീഗ് സ്ഥാപകനേതാവായ കുഞ്ഞേട്ടന്റെ അനുസ്മരണസമ്മേളനത്തിൽ കോതനല്ലൂർ ഫോറോനയിൽ നിന്ന് 70 പേർ പങ്കെടുത്തു. കോതനല്ലൂർ ഫൊറോനയിലെ എല്ലാ ശാഖകളിലും കുഞ്ഞേട്ടൻ അനുസ്മരണം നടത്തി.

**ശാഖാഭാരവാഹികളെ ആദരിച്ചു**

കോതനല്ലൂർ മേഖലയുടെ ആഭിമുഖ്യത്തിൽ ശാഖാഭാരവാഹികളെ അല്മായദിനത്തിൽ പ്രത്യേകം ആദരിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

## കെ.സി.എസ്.എൽ.

**കളരി വിതരണം ചെയ്തു**

കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ 'കളരി' ഒന്നാം ലക്കം സ്കൂളുകളിൽ വിതരണം ചെയ്തു.

**ഏകവർഷ കോഴ്സ്**

കെ.സി.എസ്.എലിന്റെ ആഭിമുഖ്യത്തിൽ 8-ാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തുന്ന one year കോഴ്സിന്റെ ഓഗസ്റ്റുമാസത്തിലെ ക്ലാസ്സ് ഒമ്പതാം തീയതി ശനിയാഴ്ച പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽവച്ചു നടത്തപ്പെട്ടു. നിജോയ് സാർ ക്ലാസ്സ് എടുത്തു.

**സെൻട്രൽ കൗൺസിൽ മീറ്റിങ്**

എറണാകുളം പി.ഒ.സി.യിൽ വച്ച് ഓഗസ്റ്റ് 9 ശനിയാഴ്ച സി.സി. മീറ്റിങ് നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്നു പ്രസിഡന്റ് ജിജോ മാത്യു പങ്കെടുത്തു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

എസ്.എം.വൈ.എം പാലാ രൂപതയുടെയും മാർ സ്ലീവാ മെഡിസിറ്റി യുടെയും സഹകരണത്തോടെ എസ്.എം.വൈ. എം. കോതനല്ലൂർ ഫൊറോന & കോതനല്ലൂർ യൂണിറ്റ്, തുടങ്ങനാട് ഫൊറോന & സിബിഗിരി യൂണിറ്റ്, കൊഴുവനാൽ ഫൊറോന & കൊഴുവനാൽ യൂണിറ്റ്, പ്ലാശനാൽ യൂണിറ്റ്, അറക്കുളം ന്യൂ യൂണിറ്റ് എന്നിവിടങ്ങളിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

**പ്രാർത്ഥനാശംസകൾ നേർന്നു**

പാലാ രൂപത പ്ലാറ്റിനം ജൂബിലിസമാപനത്തിന്, പാലാ രൂപത യുവജന പ്രസ്ഥാനം പ്രാർത്ഥനാശംസകൾ നേർന്നു.

**അൽഫോൻസാ അനുസ്മരണം**

വി. അൽഫോൻസാമ്മയുടെ നാമത്തിലുള്ള അൽഫോൻസാഗിരി പള്ളിയിൽവച്ച് അൽഫോൻസാ അനുസ്മരണവും റംശാപ്രാർത്ഥനയും നടത്തി.

**ഹാഗിയ സോഫിയദിനം ആചരിച്ച് എസ്എംവൈഎം പാലാ രൂപത**

വർത്തമാനകാല സാമൂഹിക - സാമുദായികതലങ്ങളിൽ നിരവധി പുനർ വിചിന്തനങ്ങൾക്കു കാരണമായ തുർക്കിയിലെ ഹാഗിയ സോഫിയ ക്രിസ്ത്യൻ പള്ളി, മോസ്ക് ആക്കി മാറ്റിയ ഉണങ്ങാത്ത മുറിവിന് അഞ്ചുവർഷം പൂർത്തിയായതിന്റെ ഓർമ്മ പുതുക്കി പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ ഫൊറോനയുടെ സഹകരണത്തോടെ ഹാഗിയ സോഫിയദിനം ആചരിച്ചു. ലോകമെമ്പാടും ആക്രമിക്കപ്പെടുന്ന ക്രൈസ്തവരെയും ക്രൈ സ്തവസ്ഥാപനങ്ങളെയും അനുസ്മരിച്ച് യുവജനങ്ങൾ ഒന്നുചേർന്ന് ദീപം തെളിച്ചു. പാലാ ളാലം സെന്റ് മേരീസ് പഴയപള്ളിയിൽ നടന്ന സമ്മേളനം വികാരി ഫാ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. എസ്എംവൈഎം പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ എസ്എംവൈഎം ഗ്ലോബൽ പ്രസിഡന്റ് അഡ്വ. സാം

സണ്ണി മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി നങ്ങാപറമ്പിൽ, രൂപത ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ഫൊറോന പ്രസിഡന്റ് ഡിന്റോ ഡേവിസ്, ഫാ. ആന്റണി വില്ലന്താനത്ത്, എഡ്വിൻ ജെയ്സ്, റിച്ചു എസ്.കാപ്പൻ, സാം സണ്ണി, ബിയോ ബെന്നി, ജിബിൻ സാബു തുടങ്ങിയവർ പ്രസംഗിച്ചു.

**ഛത്തീസ്ഗഡിൽ മലയാളി കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത സംഭവത്തിൽ പ്രതിഷേധം**

ഛത്തീസ്ഗഡിലെ ദുർഗിൽ മനുഷ്യക്കടത്ത് എന്ന വ്യാജ ആരോപണം ഉന്നയിച്ച് രണ്ടു മലയാളികന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത നടപടി അങ്ങേയറ്റം അപലപനീയവും പ്രതിഷേധാർഹവുമെന്ന് പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപത. അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സന്ന്യാസിനിസമൂഹത്തിലെ അംഗങ്ങളായ സിസ്റ്റർ വന്ദന ഫ്രാൻസിസ്, സിസ്റ്റർ പ്രീതി മേരി എന്നിവരെ തീവ്രവാദികളുടെ സമ്മർദത്തെത്തുടർന്ന് പൊലീസ് അറസ്റ്റ് ചെയ്ത നടപടി ജനാധിപത്യ രാജ്യത്തിനു നാണക്കേടാണ്. രാജ്യത്ത് ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കെതിരേ വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയുടെയും വേട്ടയാടലിന്റെയും ഒടുവിലത്തെ ഉദാഹരണമാണിത്.

നിരപരാധികളായ കന്യാസ്ത്രീകളെ എത്രയും പെട്ടെന്നു മോചിപ്പിക്കണമെന്നും അവർക്കെതിരെയുള്ള വ്യാജക്കേസ് പിൻവലിക്കണമെന്നും, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ കർശനനടപടി സ്വീകരിക്കണമെന്നും എസ്എംവൈഎം പാലാ രൂപത പ്രതിഷേധയോഗം ആവശ്യപ്പെട്ടു. രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ജോയിന്റ് ഡയറക്ടർ സി. നവീന സിഎംസി, വൈസ് പ്രസിഡന്റ് ബിൽന സിബി, ജോസഫ് തോമസ്, ബെനിസൺ സണ്ണി, ജിസ്മി ഷാജി, എഡ്വിൻ ജെയ്സ് തുടങ്ങിയവർ പ്രസംഗിച്ചു.

**പതിനഞ്ചുനോമ്പ് ആചരണം**

നമ്മുടെ സഭയുടെ പാരമ്പര്യത്തിലെ ഏറ്റവും ചിട്ടയോടും കാർക്കശ്യത്തോടുംകൂടിയ പതിനഞ്ചുനോമ്പ് ആചരിച്ചു. എല്ലാ യുവതീയുവാക്കളും നോമ്പ് അനുഷ്ഠിക്കുവാനും വിശുദ്ധിയിൽ നിലനിൽക്കുവാനും ശ്രദ്ധിച്ചു. 15 ദിനങ്ങളിൽ നോമ്പിന്റെ സന്ദേശം അടങ്ങിയ വീഡിയോ പ്രദർശിപ്പിച്ചു.

**വിയാനിദിനം**

ഓഗസ്റ്റ് 4 ന് ഇടവകവൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച്, ബഹു. ഇടവകവൈദികരോടു ചേർന്ന് യൂണിറ്റുകളിൽ വിയാനിദിനം ആചരിച്ചു.

**സ്വാതന്ത്ര്യസമരചരിത്രത്തിൽ ക്രൈസ്തവജനതയുടെ പങ്ക് നിസ്തുലം**

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ ക്രൈസ്തവജനത വഹിച്ച പങ്ക് നിസ്തുലമാണ്. സ്വന്തം ജീവിതവും സമ്പത്തും രാഷ്ട്രപുരോഗതിക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി മാറ്റിവച്ച ആ ധീരസേനാനികളുടെ സമരപഥത്തിലൂടെ ഒരു ഹ്രസ്വസഞ്ചാരം നടത്തി. ചരിത്രരേഖകൾ, വിവരണങ്ങൾ എന്നിവ പ്രദർശിപ്പിച്ചു.

**എസ്എംവൈഎം സാഹിത്യരചനാമത്സരം നടത്തപ്പെട്ടു**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ സാഹിത്യരചനാമത്സരം നടത്തപ്പെട്ടു. പാലാ അൽഫോൻസാകോളജിൽവച്ചു നടത്തപ്പെട്ട മത്സരത്തിൽ രൂപതയിലെ വിവിധ യൂണിറ്റുകളിൽനിന്നു നിരവധി യുവജനങ്ങൾ പങ്കെടുത്തു. കഥ, കവിത, ഉപന്യാസം, പത്രവാർത്ത, ചിത്രരചന, ഡിജിറ്റൽ പോസ്റ്റർ എന്നീ വിഭാഗങ്ങളിലായി നടത്തപ്പെട്ട മത്സരം എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, വൈസ് പ്രസിഡന്റ് ബിൽന സിബി, ജോസഫ് തോമസ്, എഡ്വിൻ ജെയ്സ്, നിഖിൽ ഫ്രാൻസിസ് തുടങ്ങിയവർ നേതൃത്വം നൽകി.

**കോതമംഗലത്തെ സോനയുടെ മരണം ; കത്തിലെ വിവരങ്ങൾ ഞെട്ടിക്കുന്നത് : എസ്എംവൈഎം**

വിവാഹവാഗ്ദാനം നൽകി വീട്ടിൽനിന്ന് ഇറക്കിക്കൊണ്ടുപോയശേഷം പീഡനത്തിനും നിർബന്ധിത മതംമാറ്റത്തിനിരയായി മരണത്തിനു വിധേയയായ സോനയുടെ കത്തിലെ വിവരങ്ങൾ ഞെട്ടിക്കുന്നതാണെന്ന് പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപത.

പ്രണയംനടിച്ച് മതം മാറ്റാൻ ശ്രമിക്കുന്ന സംഘടിതലോബി കേരളത്തിലുണ്ട് എന്ന വാദത്തിനു ശക്തി പകരുന്നതാണ് സോനയുടെ കത്ത്. വിവാഹവാഗ്ദാനം നൽകിയും പ്രേരിപ്പിച്ചും ഭീഷണിപ്പെടുത്തിയും മതം മാറ്റാൻ ശ്രമിച്ചു എന്ന കത്തിലെ വെളിപ്പെടുത്തൽ ഇതിനുപിന്നിൽ സംഘടിതമായ സംവിധാനങ്ങളുണ്ടെന്ന സൂചനയാണു നൽകുന്നത്. സോനയെ മരണത്തിലേക്കു നയിച്ച സാഹചര്യം കേന്ദ്ര ഏജൻസികൾ അന്വേഷിക്കണം. രാഷ്ട്രീയപാർട്ടികളും നേതാക്കന്മാരും വോട്ടുബാങ്ക്പ്രീണനത്തിനായി വിഷയത്തെ നിരാകരിക്കുന്നത് പ്രതിഷേധാർഹമാണ്. ഒറ്റപ്പെട്ട സംഭവമായി ഈ വിഷയത്തെ നിസ്സാരവൽക്കരിക്കാതെ ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് എസ്എംവൈഎം ആവശ്യപ്പെട്ടു.

രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജനറൽ സെക്രട്ടറി

റോബിൻ റ്റി. ജോസ് താന്നിമല, ജോസഫ് തോമസ്, ബിൽന സിബി തുടങ്ങിയവർ പ്രസംഗിച്ചു.

**രാഷ്ട്രീയകാര്യസമിതി രൂപീകരിച്ച് എസ്എംവൈഎം പാലാ രൂപത**

വരുന്ന തദ്ദേശസ്വയംഭരണതിരഞ്ഞെടുപ്പിൽ ഇടപെടുക എന്ന ലക്ഷ്യത്തെ മുൻനിർത്തി പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപത, പാലാ രൂപത എകെസിസി യൂത്ത് കൗൺസിലുമായി സഹകരിച്ച് രാഷ്ട്രീയകാര്യസമിതി രൂപീകരിച്ചു. കക്ഷിരാഷ്ട്രീയത്തിന് അതീതമായി തദ്ദേശതിരഞ്ഞെടുപ്പിൽ പങ്കാളിത്തം ഉറപ്പുവരുത്തി ശക്തമായ ഇടപെടൽ നടത്തുകയാണു ലക്ഷ്യം. വരുന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് പ്രത്യേക വിഷയമായി പരിഗണിച്ച് പരമാവധി യുവജനങ്ങൾ നേതൃത്വത്തിലേക്കു കടന്നുവരുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ പങ്കെടുത്ത രാഷ്ട്രീയകാര്യസമിതി, ഇടവകകൾ കേന്ദ്രീകരിച്ച് മത്സരിക്കാൻ താത്പര്യമുള്ള യുവജനങ്ങളുടെ പട്ടിക തയ്യാറാക്കാൻ നിർദേശം നൽകി. പാർട്ടികൾക്കല്ല, വ്യക്തികൾക്കാണ് പിന്തുണ നൽകുക. എസ്എംവൈഎം പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിന് രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജനറൽ സെക്രട്ടറി റോബിൻ താന്നിമല, എഡ്വിൻ ജോസി, മിജോ ജോയി, എകെസിസി യൂത്ത് കോർഡിനേറ്റർ ക്ലിന്റ് അരീപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**വൈദികദിനം**

ഓഗസ്റ്റ് 4 തിങ്കളാഴ്ച വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ജീസസ് യൂത്ത് അംഗങ്ങൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിനെ സന്ദർശിച്ച് പുരോഹിതദിനത്തിന്റെ ആശംസകൾ നേർന്നു. അതോടൊപ്പം ജീസസ് യൂത്ത് സാന്നിധ്യമുള്ള ഇടവകകളിലെ വൈദികരെ സന്ദർശിച്ച് അവർക്ക് കാർഡും ഊറാറായും സമ്മാനിച്ച് ആശംസകൾ നേരുകയും ചെയ്തു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ്ഹാളിൽവച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തി വരുന്നു.

**നൈറ്റ് വിജിൽ**

ഓഗസ്റ്റ് 1 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻപള്ളിയിൽവച്ച് സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. വൈകുന്നേരം 5:30നുള്ള വി.

കുർബാനയോടെ ആരംഭിച്ച് രാത്രി 10.30 വരെ നടത്തപ്പെട്ട നൈറ്റ് വിജിലിൽ പ്രൊഫ. ബിലാസ് ജോസഫ് ക്ലാസ് നയിക്കുകയും തുടർന്നുള്ള ആരാധന യിൽ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി ഒന്നുചേർന്നു പ്രാർത്ഥിക്കു കയും ചെയ്തു.

**മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചുചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടു ത്താൻ സഹായിക്കുന്നതിനായി ഓഗസ്റ്റ് 31ന് കണ്ണാടിയുറുമ്പ് മേരി മാതാ സ്കൂളിൽ വച്ച് മ്യൂസിക് മിനിസ്ട്രി ഗാതറിങ് സംഘടിപ്പിച്ചു.

**ഹൗസ് ഹോൾഡ്**

2025 ഓഗസ്റ്റ് 3 ഞായറാഴ്ച അരുവിത്തുറ, പാലാ, കടുത്തുരുത്തി, മുട്ടം, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽ വച്ച് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് നടത്തപ്പെട്ടു.

**SVD കൂട്ടായ്മ**

ഓഗസ്റ്റ് 23 ശനിയാഴ്ച കടുത്തുരുത്തി SVD ധ്യാനകേന്ദ്രത്തിൽവച്ച് പതിവുപോലെ ജീസസ് യൂത്ത് കൂട്ടായ്മ നടത്തപ്പെട്ടു.

**ഫാമിലി ഗാതറിങ്**

ഓഗസ്റ്റ് 17 ഞായറാഴ്ച 3.30 PM മുതൽ 7 PM വരെ അരുവിത്തുറ സെന്റ് ജോർജ് ദേവാലയ പാരിഷ് ഹാളിൽ വച്ച് ഫാമിലി ഗാതറിങ് നടന്നു. ജപമാല, സ്തുതി ആരാധന, വചനസന്ദേശം എന്നിവ ശുശ്രൂഷയുടെ ഭാഗങ്ങളായി രുന്നു.

**കോളജ് ഫ്രെഷേഴ്സ് ഡേ**

പാലാ സോണിലെ വിവിധ കോളജുകളിൽ പുതുതായി അഡ്മിഷൻ എടുത്ത ഫസ്റ്റ് ഇയർ കുട്ടികളെ ജീസസ് യൂത്തിലേക്കു സ്വാഗതം ചെയ്തു കൊണ്ട് അവർക്കായി ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഫ്രെഷേഴ്സ് ഡേ നടത്തപ്പെട്ടു.

**NCC**

ഓഗസ്റ്റ് 14 മുതൽ 17 വരെ തീയതികളിലായി കളമശ്ശേരി രാജഗിരി കോളജിൽവച്ചു നടത്തപ്പെട്ട നാഷണൽ കാമ്പസ് കോൺഫെറൻസിൽ പാലാ സോണിൽനിന്ന് 25 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**ഫിലിപ്പ് കോഴ്സ്**

2025 ഓഗസ്റ്റ് 8 മുതൽ 10 വരെ തീയതികളിലായി കുടക്കച്ചിറ ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്ററിൽ വച്ച് ജീസസ് യൂത്ത് ഫോർമേഷന്റെ ആദ്യപടിയായ ഫിലിപ്പ് കോഴ്സ് നടത്തപ്പെടുകയും 56 പേർ കോഴ്സിൽ പങ്കെടുക്കുകയും ചെയ്തു.

**എമ്മാവൂസ് കോഴ്സ്**

ഓഗസ്റ്റ് 2, 3 തീയതികളിൽ കാഞ്ഞിരപ്പള്ളി, പാലാ സോണുകളുടെ നേതൃത്വത്തിൽ പൊടിമറ്റം നിർമലയിൽ വച്ച് ജീസസ് യൂത്ത് ഫോർമേഷൻ എമ്മാവൂസ് കോഴ്സിന്റെ രണ്ടാം മൊഡ്യൂൾ നടത്തപ്പെട്ടു. 25 ഓളം ആളുകൾ കോഴ്സിൽ പങ്കെടുത്തു.

**ദിവ്യകാരുണ്യ ആരാധന**

എല്ലാ മാസവും ആദ്യതിങ്കളാഴ്ചയും മൂന്നാംതിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ ചാപ്പലിൽവച്ച് അരുവിത്തുറ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തിവരുന്നു. അതോടൊപ്പം, പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കാനായി എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 4 മുതൽ 5 മണി വരെ പാലാ എസ്.എച്ച്. മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തപ്പെടുന്നു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1)** 3/8/2025 : ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് വാലാച്ചിറ സെൻറ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ച് കുടുംബക്കൂട്ടായ്മയെക്കുറിച്ചു സന്ദേശം നൽകി.

**2)** വൈകുന്നേരം അഞ്ചുമണിക്ക് വികാരി ഫാ. ജോസഫ് മേയ്ക്കലിന്റെ പ്രാർത്ഥനയോടെ ഇടവകയിലെ എല്ലാ വാർഡുകളിലും കുടുംബക്കൂട്ടായ്മ രൂപതാറിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നു.

**3)** 5/08/2025 ചൊവ്വാ 2 pm ന് മേലുകാവുമറ്റം സെന്റ് തോമസ് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം ഫാ. ജോസഫ് അരിമറ്റത്ത് ഉദ്ഘാടനം ചെയ്തു. വികാരി ഫാ.ജോർജ് കാരാംവേലി അധ്യക്ഷത വഹിച്ചു.

**4)** 06/8/2025 ബുധനാഴ്ച 2 pm ന് കുടുംബക്കൂട്ടായ്മ രൂപതാ റിസോഴ്സ് ടീമിന്റെ യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ബൈബിൾ വചന പഠനപരമ്പര 'ജീവമന്ന' യുടെ ഉദ്ഘാടനത്തെക്കുറിച്ചു ചർച്ച ചെയ്തു.

**5)** 12/8/2025 ചൊവ്വാഴ്ച 10 am ന് ഇടവകതല കൂട്ടായ്മാപ്രതിനിധികളുടെ സമ്മേളനം അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ടു. സമ്മേളനം പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന രൂപത പ്ലാറ്റിനംജൂബിലി മെമ്മോറിയൽ ബൈബിൾവചനപഠനപരമ്പര 'ജീവമന്ന' യുടെ ഉദ്ഘാടനവും നിർവഹിക്കപ്പെട്ടു.

രൂപതാപ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ അധ്യക്ഷത വഹിച്ചു. രൂപത കുടുംബക്കൂട്ടായ്മ ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റത്ത് സ്വാഗതം ആശംസിച്ചു. 'കുടുംബക്കൂട്ടായ്മകളുടെ പ്രസക്തി' എന്ന വിഷയ ത്തിൽ മുട്ടുചിറ ഹോളിഗോസ്റ്റ് ഫൊറോനാ പള്ളിവികാരി വെരി.റവ. ഫാ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ ക്ലാസ് എടുത്തു. അസി. ഡയറക്ടർ റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ, കുടുംബക്കൂട്ടായ്മ രൂപത സെക്രട്ടറി ബാബു പോൾ പെരിയപ്പുറം, ബാബു ഇടിമണ്ണിക്കൽ എന്നിവർ പ്രസംഗിച്ചു.

**6)** 15/8/2025 വെള്ളി 5 pm ന് മാന്നാർ സെന്റ് മേരീസ് ഇടവകയിലെ കുടുംബക്കൂട്ടായ്മ വാർഷികം ഫാ.ജോസഫ് അരിമറ്റത്ത് ഉദ്ഘാടനം ചെയ്തു. വികാരി ഫാ.സിറിയക് കൊച്ചുകൈപ്പട്ടിയേൽ അധ്യക്ഷത വഹിച്ചു.

**7)** 17/8/2025 ഞായറാഴ്ച 12.15 pm ന് കുറവിലങ്ങാട് ഇടവകയിൽ 'ജീവമന്ന' ബൈബിൾ വചനപഠനപരമ്പരയുടെ ഇടവകതല ഉദ്ഘാടനം ആർച്ചുപ്രീസ്റ്റ് വെരി. റവ.ഫാ. തോമസ് മേനാച്ചേരി നിർവഹിച്ചു. ഡയറക്ടർ ജോസഫ് അരിമറ്റത്ത്, ഫാ. പോൾ കുന്നുംപുറത്ത്, ബോബിച്ചൻ നിധീരി, ലിജോ മുക്കത്ത് തുടങ്ങിയവർ സംസാരിച്ചു.

**8)** 2.30 pm ന് പൂഞ്ഞാർ സെന്റ് മേരീസ് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കുള്ള സെമിനാർ കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് അംഗം ജോണി വേലംകുന്നേൽ നയിച്ചു. വെരി റവ.ഫാ.തോമസ് പനയ്ക്ക ക്കുഴി ഉദ്ഘാടനം നിർവഹിച്ചു. ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് സന്നി ഹിതനായിരുന്നു.

**9)** 4.45 pm ന് ഇടപ്പാടി സെന്റ് ജോസഫ് ഇടവകയിലെ വാർഡുതല ക്ലാസുകൾ റവ.ഫാ.അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പ്രാർത്ഥനാശീർവാദത്തോടെ ആരംഭിച്ചു. ഇടവകയിലെ എല്ലാ വാർഡുകളിലും രൂപത റിസോഴ്സ് ടീം അംഗങ്ങളെത്തി ക്ലാസുകൾ നയിച്ചു.

**10)** 19/8/2025 ചൊവ്വാഴ്ച 2 pm ന് രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി 'ജീവമന്ന' ഉദ്ഘാടനസമ്മേളനത്തിന്റെ അവലോകനവും തുടർപ്രവർത്തനങ്ങ ളെക്കുറിച്ചുള്ള ചർച്ചകളും നടത്തി.

**11)** 24/8/2025 ഞായറാഴ്ച 2 pm ന് മറ്റക്കര ഹോളിഫാമിലി ഇടവകയിലെ കൂട്ടായ്മഭാരവാഹികളുടെ സമ്മേളനം വികാരി റവ.ഫാ.ജോസഫ് പരിയാ ത്തിന്റെ അധ്യക്ഷതയിൽ ചേർന്നു. ഫാ. ജോസഫ് അരിമറ്റത്ത് സംസാരിച്ചു.

**12)** 5 pm ന് മണലുങ്കൽ സെന്റ്മേരീസ് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനത്തിന്റെ ഉദ്ഘാടനം രൂപതാഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് നിർവഹിച്ചു. ഫാ. തോമസ് ആയില്ലുകുന്നേൽ അധ്യ ക്ഷത വഹിച്ചു. സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ, ജോർജ് മൂങ്ങാമാക്കൽ തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ.ആൽവിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ഓഗസ്റ്റ് 01-03, 28-30** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 270 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**സെപ്റ്റംബർ 09-11, 30-2, ഒക്ടോബർ 13-15, 30-നവംബർ 2** എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ്മീറ്റ്

ഓഗസ്റ്റ്മാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ്മീറ്റിങ്ങിൽ റവ.ഫാ.തോമസ് വടക്കേൽ, റവ.ഫാ.ജോസഫ് കടുപ്പിൽ തുടങ്ങിയവർ ക്ലാസ്സെടുത്തു. 415 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

### 4. യാത്രാമംഗളം

ഓഗസ്റ്റ് 5-ാം തീയതി വൈകുന്നേരം 4.00 മണിക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ ഓഫീസിൽ കഴിഞ്ഞ 2 വർഷക്കാലം ശുശ്രൂഷ ചെയ്തുവന്ന ജിബിൻ ഫ്രാൻസിസിന് യാത്രാമംഗങ്ങൾ നേർന്നുകൊണ്ട് മീറ്റിങ് നടത്തി. ഡയറക്ടറച്ചനോടൊപ്പം സ്റ്റാഫ് അംഗങ്ങൾ ആശംസകൾ നേർന്നു സംസാരിച്ചു.

### 5. ആദരിക്കൽ

ഓഗസ്റ്റ് 9-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ചക്കാമ്പുഴ ഇടവകയിൽ എ.കെ.സി.സിയുടെ നേതൃത്വത്തിൽ നടന്ന മുതിർന്നവരെ ആദരിക്കൽ ചടങ്ങിൽ ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ പരിശുദ്ധകുർബാനയർപ്പിച്ച് സന്ദേശം നല്കി.

## B. പിതൃവേദി

### 1. എക്സിക്യൂട്ടീവ് മീറ്റിങ്

ഓഗസ്റ്റ് 6-ാം തീയതി വൈകുന്നേരം 4.30 ന് ഷലോമിൽ വച്ച് പിതൃവേദി രൂപതതല എക്സിക്യൂട്ടീവ് നടന്നു. ഈ വർഷം മുതൽ ആരംഭിക്കുന്ന മുത്തിയമ്മതീർത്ഥാടനത്തെക്കുറിച്ചുള്ള ആലോചനകൾ നടത്തി.

### 2. രജതജൂബിലിയാഘോഷം

ഓഗസ്റ്റ് 15-ാം തീയതി രാവിലെ 10.30 ന് കാഞ്ഞിരമറ്റം ഇടവകയുടെ ശതോത്തരരജതജൂബിലിയുടെ ഭാഗമായി നടത്തിയ കുടുംബയോഗം ഡയറക്ടർ റവ.ഫാ.ജോസഫ് നരിതൂക്കിൽ മുഖ്യപ്രഭാഷണം നടത്തി ഉദ്ഘാ

ടനം ചെയ്തു.

**3. രൂപതാസമിതി**

ഓഗസ്റ്റ് 24-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ടിന്റെ അധ്യക്ഷതയിൽ യോഗം കൂടി പരിപാടികളെക്കുറിച്ചു ചർച്ച ചെയ്തു. മുഖ്യപ്രഭാഷണം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നടത്തി.

**C. മാതൃവേദി**

**1. പുതിയ യൂണിറ്റ്**

ഓഗസ്റ്റ് 2-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് കാവാലി ഇടവകയിൽ പുതുതായി രൂപീകരിക്കപ്പെട്ട മാതൃവേദി യൂണിറ്റ് രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു.

**2. ക്ലാസ്സ്**

ഓഗസ്റ്റ് 5-ാം തീയതി രാവിലെ 10 ന് മാതൃവേദി രൂപതാസമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കൂൺകൃഷിപരിശീലനക്ലാസ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. കട്ടപ്പനയിലെ അഗ്രി-ഫോർ-യു സ്ഥാപനത്തിന്റെ ഡയറക്ടർ ജിതിൻ ജോജി ക്ലാസ്സിനു നേതൃത്വം നൽകി. മാതൃവേദി രൂപതാഭാരവാഹികളും 20 ഫൊറോനയിലെ മാതൃവേദി മേഖല പ്രസിഡന്റുമാരും ക്ലാസ്സിൽ പങ്കെടുത്തു.

**3. രൂപതാസമിതി**

ഓഗസ്റ്റ് 5-ാം തീയതി രാവിലെ 11.30ന് മാതൃവേദി രൂപതാസമിതി യോഗം ചേർന്നു വരുന്ന രണ്ടു മാസത്തേക്കുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു. ഉച്ചഭക്ഷണത്തോടുകൂടി യോഗം അവസാനിച്ചു. തുടർന്ന് ഉച്ചകഴിഞ്ഞ് 2.30 ന് മാതൃവേദി രൂപത എക്സിക്യൂട്ടീവ് കൂടി തുടർന്നുള്ള പരിപാടികളെക്കുറിച്ചു ചർച്ച നടത്തി.

**4. തീർത്ഥാടനം**

ഓഗസ്റ്റുമാസം 7-ാം തീയതി മാതൃവേദിയുടെയും ഓഫീസ് സ്റ്റാഫിന്റെയും നേതൃത്വത്തിൽ വല്ലാർപാടം, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിലേക്കു തീർത്ഥാടനം നടത്തി.

**5. ജനറൽ ബോഡി മീറ്റിങ്**

ഓഗസ്റ്റ് 11-ാം തീയതി ഭദ്രാവതിരൂപതയിൽവച്ചു നടന്ന മാതൃവേദി ജനറൽ ബോഡിമീറ്റിങ്ങിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

**6. ഓൺലൈൻ മീറ്റിങ്**

ഓഗസ്റ്റ് 14-ാം തീയതി 8.30 ന് മാതൃവേദി ഓൺലൈൻ മീറ്റിങ്ങിൽ പാലാ രൂപത ഒന്നാകെ നടപ്പിലാക്കാൻ പോകുന്ന യൂണിഫോമിനെക്കുറിച്ചുള്ള ചർച്ചകൾ നടത്തി തീരുമാനത്തിലെത്തി.

**7. നവോമിസംഗമം**

ഓഗസ്റ്റ് 16-ാം തീയതി പാലാരിവട്ടം പി.ഒ.സിയിൽ വച്ചു നടത്തിയ നവോമിസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും 5 പേരും സംബന്ധിച്ചു.

**8. എക്സിക്യൂട്ടീവ് മീറ്റിങ്**

ഓഗസ്റ്റ് 26-ാം തീയതി ഷലോം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മാതൃവേദി രൂപത എക്സിക്യൂട്ടീവ് കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന യൂണിഫോമിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടത്തി.

## D. പ്രോലൈഫ്

**1. പുതിയ കർമ്മപദ്ധതികൾ**

ഓഗസ്റ്റ് 8-ാം തീയതി പാലാ രൂപത പ്രോലൈഫ് സമിതിയും മാർസ്ലീവാ മെഡിസിറ്റിയുമായി ചേർന്നു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ കർമ്മപദ്ധതികളെക്കുറിച്ചുള്ള ഒരു പ്രാഥമികചർച്ച മെഡിസിറ്റിയിൽ വച്ച് നടത്തുകയുണ്ടായി. മെഡിസിറ്റി മാനേജിങ് ഡയറക്ടർ റവ.ഫാ. ജോസഫ് കണിയോടിക്കൽ, ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ, ഡോ. അനീഷ്, സിസ്റ്റേഴ്സ്, മാത്യു എം. കുര്യാക്കോസ് എന്നിവർ സംസാരിച്ചു.

## E. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ  മാട്രിമണി' സീറോ മലബാർസഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. കോർ കമ്മിറ്റി മീറ്റിങ്**

ഓഗസ്റ്റ് 13-ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന മാട്രിമണിയുടെ കോർകമ്മിറ്റി മീറ്റിങ്ങിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു. പുതിയ പാക്കേജുകളെക്കുറിച്ചും ഈ വർഷം നടപ്പിലാക്കേണ്ട ഓഫറുകളെക്കുറിച്ചും മീറ്റിങ്ങിൽ വിവരിച്ചു.

**3. സ്റ്റാഫ് മീറ്റിങ്**

ഓഗസ്റ്റ് 20-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായിയുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസുകൾ നടത്തപ്പെടുന്നു.** ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാൻഡി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയിന്റിങ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസിങ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. **വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — 7306293048**

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി വെള്ളികുളം, തിടനാട് ഇടവകകളിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

# കത്തോലിക്കാ കോൺഗ്രസ്

**പ്രതിഷേധധർണ്ണ**

ഛത്തീസ്ഗഡിലെ ദുർഗിൽ റെയിൽവേ സ്റ്റേഷനിൽ യാത്രയ്ക്കെത്തിയ രണ്ടു കത്തോലിക്കാസന്ന്യാസിനികളെ അകാരണമായി അറസ്റ്റു ചെയ്ത് ജയിലിൽ അടച്ച പൊലീസിന്റെ നിയമവിരുദ്ധമായ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് രൂപതാസമിതിയുടെ നേതൃത്വത്തിൽ പ്രകടനവും ധർണ്ണയും നടത്തി. പാലാ പോസ്റ്റ് ഓഫീസ് പടിക്കലും കുരിശുപള്ളിക്കവലയിലും നടത്തിയ ധർണ്ണകളിൽ എമ്മാനുവൽ നിധീരി, റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**ഐക്യദാർഢ്യം പ്രഖ്യാപിച്ചു**

ഒഡീഷയിലെ ജലേശ്വറിൽ വൈദികരെയും കന്യാസ്ത്രീകളെയും ആക്രമിച്ചതിൽ രൂപതാസമിതി പ്രതിഷേധിച്ചു. ആക്രമിക്കപ്പെട്ട ഫാ. ലിജോ

യുടെ ജയ്ഗിരിയിലെ ഭവനത്തിൽ പോകുകയും കുടുംബാംഗങ്ങളെ ഐക്യദാർഢ്യം അറിയിക്കുകയും അവരോടൊത്തു പ്രാർത്ഥിക്കുകയും ചെയ്തു. രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി, റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം എന്നിവർ സന്നിഹിതരായിരുന്നു.

**കർഷകവഞ്ചനാദിനാചരണം**

ഓഗസ്റ്റ് 17 (ചിങ്ങം 1) കത്തോലിക്കാ കോൺഗ്രസ് കർഷകവഞ്ചനാദിനമായി ആചരിച്ചു. കർഷകരോടുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിഷേധാത്മകനിലപാടുകളിൽ പ്രതിഷേധിച്ചാണ് വഞ്ചനാദിനം നടത്തിയത്.

രൂപതാതല ഉദ്ഘാടനം മൂന്നിലവിൽ വച്ചു കൂടിയ കർഷകസമ്മേളനത്തിൽ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ.ഫാ. കുര്യൻ തടത്തിൽ, ജോയി കണിപറമ്പിൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സംസാരിച്ചു.

**നാഷണൽ യൂത്ത് കോൺഫെറൻസ്**

ഓഗസ്റ്റ് 16,17 തീയതികളിൽ പാലക്കാട് യുവക്ഷേത്രയിൽ വച്ച് കത്തോലിക്കാകോൺഗ്രസ്, നാഷണൽ യൂത്ത് കോൺഫെറൻസ് (NYC2k25) സംഘടിപ്പിച്ചു. പാലാ രൂപതയെ പ്രതിനിധീകരിച്ച് മുഖ്യ യൂത്ത് കോർഡിനേറ്റർ ക്ലിന്റ് അരിപ്ലാക്കലിന്റെ നേതൃത്വത്തിൽ 13 പേർ സംബന്ധിച്ചു.

**നേതൃത്വശില്പശാല**

കത്തോലിക്കാ കോൺഗ്രസ് വനിതാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വനിതാനേതൃത്വശില്പശാല നടത്തി. ഭരണങ്ങാനം മാതൃഭവനിൽ നടത്തിയ ശില്പശാല രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സെക്രട്ടറിയും വനിതാ കോർഡിനേറ്ററുമായ ശ്രീമതി ആൻസമ്മ സാബു അധ്യക്ഷത വഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, എമ്മാനുവൽ നിധീരി, റൈബി രാജേഷ്, ലിബി മണിമല, സെല്ല സിബി, ജോസ് വട്ടുകുളം എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത വൈസ് പ്രസിഡന്റും വാഴപ്പള്ളി എച്ച്.എസ്.എസ് പ്രിൻസിപ്പലുമായ ശ്രീമതി ഷിജി ജോൺസൺ, ഗ്ലോബൽ സെക്രട്ടറിയും സംരംഭകയുമായ ജോയ്സ് മേരി ആന്റണി എന്നിവർ ക്ലാസുകൾ നയിച്ചു.

**കർഷകസംഗമം, വിത്തുവിതരണ സോൺ മീറ്റിങ്ങുകൾ**

**ഇലഞ്ഞി**

കുറവിലങ്ങാട് സോണിൽപെട്ട കുറവിലങ്ങാട്, കോതനല്ലൂർ, മുട്ടുചിറ, കുടുത്തുരുത്തി, ഇലഞ്ഞി ഫൊറോനകളിലെ കർഷകരുടെ സംഗമവും അടുക്കളത്തോട്ടമത്സരം വിത്തുവിതരണവും ഇലഞ്ഞിപ്പള്ളിഹാളിൽ നടത്തി.

ഫൊറോനവികാരി ഫാ. ജോസഫ് ഇടത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനപ്രസിഡന്റ് ബേബി ആലുങ്കൽ അധ്യക്ഷത വഹിച്ചു.

റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, റോയി ചുമ്മാർ, ഷാജി ജോർജ് എർണ്യാകുളം തുടങ്ങിയവർ സംസാരിച്ചു. കർഷക വേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാർ നയിച്ചു.

**മൂന്നിലവ്**

അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ ഫൊറോനകൾ ഉൾപ്പെടുന്ന അരുവിത്തുറ സോണിന്റെ കർഷകസംഗമവും വിത്തുവിതരണവും മൂന്നിലവ് പള്ളി ഹാളിൽ കൂടിയ സമ്മേളനത്തിൽ വികാരി ഫാ. കുര്യൻ തടത്തിൽ ഉദ്ഘാടനം ചെയ്തു. അരുവിത്തുറ ഫൊറോന പ്രസിഡന്റ് സാബു പ്ലാത്തോട്ടം അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സംസാരിച്ചു. ശ്രീ റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാറിനു നേതൃത്വം നൽകി.

**നീലൂർ**

മൂലമറ്റം, തുടങ്ങനാട്, കടനാട്, രാമപുരം ഫൊറോനകൾ ഉൾപ്പെടുന്ന മൂലമറ്റം സോണിന്റെ കർഷകസംഗമവും വിത്തുവിതരണവും നീലൂർ പള്ളിഹാളിൽ വച്ചു നടത്തിയ സമ്മേളനത്തിൽ വികാരി ഫാ. മാത്യു പാറത്തൊട്ടി ഉദ്ഘാടനം ചെയ്തു. കടനാട് ഫൊറോനപ്രസിഡന്റ് ബിനു വള്ളോംപുരയിടം അധ്യക്ഷത വഹിച്ചു. റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാർ നയിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം എന്നിവർ ആശംസകൾ നേർന്നു.

**ഫൊറോന മീറ്റിങ്ങുകൾ**

പാലാ കത്തോലിക്കാ കോൺഗ്രസ് പാലാ ഫൊറോന നേതൃസംഗമം കത്തീദ്രൽപള്ളിഹാളിൽ കൂടിയ യോഗത്തിൽ രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരി ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് രാജേഷ് പാറയിൽ അധ്യക്ഷത വഹിച്ചു. കത്തീദ്രൽ വികാരി വെരി. റവ.ഫാ. ജോസ് കാക്കല്ലിൽ അനുഗ്രഹപ്രഭാഷണം നടത്തി. ജോസ് വട്ടുകുളം, ആൻസൺ സാബു, ജോബി കുളത്തറ തുടങ്ങിയവർ സംസാരിച്ചു.

**ഇലഞ്ഞി**

ഇലഞ്ഞി മേഖല എക്സിക്യൂട്ടീവ് യോഗം ഫൊറോനാ പ്രസിഡന്റ് ബേബി ആലുങ്കലിന്റെ അധ്യക്ഷതയിൽ കൂടി. റവ.ഫാ. ജോസഫ് എടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. റോയി ചുമ്മാർ, ഷാജി എർണ്യാകുളം തുടങ്ങിയവർ സംസാരിച്ചു.

**ഭരണങ്ങാനം**

ഫൊറോനാ സമ്മേളനം പ്ലാശനാൽ പള്ളിവികാരി ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. ശ്രീ ഔസേപ്പച്ചൻ മേക്കാട്ട് അധ്യക്ഷത വഹിച്ചു. അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, അരുൺ പോൾ, മനോജ് തുടങ്ങിയവർ സംസാരിച്ചു. ഒഡീഷസംഭവത്തിൽ പ്രതിഷേധം രേഖപ്പെടുത്തി.

**കടുത്തുരുത്തി**

കടുത്തുരുത്തി ഫൊറോനാ പ്രസിഡന്റ് രാജേഷ് കോട്ടയിലിന്റെ അധ്യക്ഷതയിൽ കൂടിയ ഫൊറോനാ എക്സിക്യൂട്ടീവ് യോഗം കീഴൂർ പള്ളി വികാരി ഫാ. ജോസഫ് വയലിൽ ഉദ്ഘാടനം ചെയ്തു. ശ്രീ സി.എം. ജോർജ്, ജോർജ് മങ്കുഴിക്കരി, സലിൻ കൊല്ലംകുഴി, രാജു കുന്നേൽ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് കർഷകവഞ്ചനാദിനധർണ്ണ നടത്തി.

**യൂണിറ്റ് വാർത്തകൾ**

**മാന്നാർ**

ഉദയംപേരൂർ സൂനഹദോസ് പള്ളിയിൽ പരിശുദ്ധ കുർബാനയെയും ബലിപീഠത്തെയും അവഹേളിക്കുകയും നിന്ദിക്കുകയും ചെയ്തതിനെതിരേ കത്തോലിക്കാ കോൺഗ്രസ് മാന്നാർ യൂണിറ്റ് പ്രതിഷേധം രേഖപ്പെടുത്തി. വികാരി ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. മനോജ് കടവൻകാലായിൽ അധ്യക്ഷത വഹിച്ചു. സിറിയക് താഴത്തുവീട്ടിൽ, ജെറി ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

**പൂഴിക്കോൽ**

യൂണിറ്റ് മീറ്റിങ് ശ്രീ ജോർജ് മങ്കുഴിക്കരിയുടെ അധ്യക്ഷതയിൽ വികാരി ഫാ. തോമസ് കുറ്റിക്കാട്ട് ഉദ്ഘാടനം ചെയ്തു. ക്രൈസ്തവമിഷനറിമാർ നേരിടുന്ന പീഡനങ്ങൾക്കെതിരേ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ജോർജ് കപ്ലിക്കുന്നേൽ, ജോസഫ് ചേനക്കാല തുടങ്ങിയവർ സംസാരിച്ചു.

**കാഞ്ഞിരത്താനം**

യൂണിറ്റ് അംഗങ്ങൾ മാഞ്ഞൂർ മരിയൻ സൈന്യ അഗതിമന്ദിരത്തിൽ അംഗങ്ങളോടൊപ്പം ചെലവഴിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. യൂണിറ്റ് പ്രസിഡന്റ് സാബു നടുവിലേക്കുറ്റ്, സിബി പാറത്തൊട്ടി തുടങ്ങിയവർ നേതൃത്വം നല്കി.

**വാക്കാട്**

യൂണിറ്റ് യോഗം പ്രസിഡന്റ് ഷാജി വെണ്ണമഠത്തിലിന്റെ അധ്യക്ഷതയിൽ ചേർന്നു. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരി, ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തുടങ്ങിയവർ ആനുകാലികവിഷയങ്ങൾ ആസ്പദമാക്കി സംസാരിച്ചു.

**ഏഴാച്ചേരി**

വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നതിന് യൂണിറ്റ് പ്രസിഡന്റ് ബിനോയി പള്ളത്തിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. വികാരി ഫാ. കുര്യാക്കോസ് കൊട്ടുകാപ്പള്ളി ഉദ്ഘാടനം ചെയ്തു. ശ്രീ സാജു അലക്സ് സമ്മാനങ്ങൾ വിതരണം ചെയ്തു. അജോ തുണുങ്കൽ, സജി പള്ളിയോരടിയിൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

**ചക്കാമ്പുഴ**

യൂണിറ്റിന്റെ നേതൃത്വത്തിൽ എൽഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. 80 വയസ്സ് കഴിഞ്ഞ വയോധികരെ ആദരിക്കുകയും അവരെ ഒരുമിച്ചുകൂട്ടുകയും ചെയ്തു. സമ്മേളനം വികാരി ഫാ. ജോസഫ് വെട്ടത്തേൽ ഉദ്ഘാടനം ചെയ്തു. സണ്ണി കുരിശുംമൂട്ടിൽ അധ്യക്ഷത വഹിച്ചു. ഫാ. മാത്യു മുതുപ്ലാക്കൽ, ബേബി ഉഴുത്തുവാൽ എന്നിവർ ആശംസകൾ നേർന്നു.

**മൂന്നിലവ്**

മിഷനറിമാരെ ആക്രമിച്ചതിൽ പ്രതിഷേധിച്ച് യൂണിറ്റിന്റെ നേതൃത്തിൽ പ്രതിഷേധസമ്മേളനം നടത്തി. പ്രസിഡന്റ് ജോർജ് ഇളംതുരുത്തിയിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. കുര്യൻ തടത്തിൽ ഉദ്ഘാടനം ചെയ്തു. ജോൺസൺ വീട്ടിയാങ്കൽ, ജിമ്മി കൊച്ചെട്ടൊന്നിൽ, ജെയിംസ്കുട്ടി എന്നിവർ സംസാരിച്ചു.

**കുടക്കച്ചിറ**

യൂണിറ്റിന്റെ നേതൃത്വത്തിൽ ന്യൂനപക്ഷപീഡനത്തിനെതിരേ പ്രതിഷേധവും അടുക്കളത്തോട്ടം മത്സരത്തിന്റെ വിത്തുവിതരണവും നടത്തി. സമ്മേളനം വികാരി ഫാ. തോമസ് മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സിബിൻ വെട്ടത്തേൽ അധ്യക്ഷത വഹിച്ചു. ആൻസമ്മ സാബു, രാജേഷ് പാറയിൽ, ജോസ് റ്റി.എം. തുടങ്ങിയവർ സംസാരിച്ചു.

**രാമപുരം**

യൂണിറ്റിന്റെ നേതൃത്വത്തിൽ ന്യൂനപക്ഷാവകാശസംരക്ഷണത്തെപ്പറ്റി സെമിനാർ നടത്തി. ഫൊറോനാവികാരി ഫാ. ബർക്കുമാൻസ് കുന്നുംപുറം അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ജോസിൻ പുതിയിടത്തുചാലിൽ, ആൻസമ്മ സാബു, ബിനു മണിമംഗലത്ത് തുടങ്ങിയവർ സംസാരിച്ചു.

**പുതിയ യൂണിറ്റുകൾ**

**ഏന്തയാർ**

ഏന്തയാർ ഇടവകയിൽ പുതിയ യൂണിറ്റ് നിലവിൽ വന്നു.

പ്രസിഡന്റ് - പയസ് മാത്യു വാലുമ്മേൽ

സെക്രട്ടറി - ജോഷി മുഞ്ഞനാട്ട്

ട്രഷറർ - ബേബി തോമസ് ആറ്റുചാലിൽ

രൂപതാ പ്രതിനിധി - ജോഷി ജോസഫ്

**കിഴതടിയൂർ**

പുതിയ യൂണിറ്റ് നിലവിൽവന്നു

**ഭാരവാഹികൾ**

പ്രസിഡന്റ് - അജയ് ഇലവുത്തിങ്കൽ

സെക്രട്ടറി - സാബു കല്ലറയ്ക്കൽ

ട്രഷറർ - ജോജി ജോർജ് പൊന്നാടുവാക്കൽ

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**സീറോ മലബാർ സഭ - സോഷ്യൽ മിനിസ്ട്രി**

**'സ്പന്ദൻ 2025' അവാർഡ് ഫാ. തോമസ് കിഴക്കേലിന്**

സീറോ മലബാർ സഭയുടെ സോഷ്യൽ മിനിസ്ട്രിയായ 'സ്പന്ദൻ' സാമൂഹികപ്രവർത്തനമികവിന് വൈദികർക്കു സമ്മാനിക്കുന്ന 'സ്പന്ദൻ - 2025' അവാർഡ് പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്. കാക്കനാട് മെത്രാൻസിനഡിനോടു ചേർന്ന സമ്മേളനമധ്യേ സീറോ മലബാർ സഭയുടെ മേലധ്യക്ഷനും മേജർ ആർച്ചുബിഷപ്പുമായ മാർ റാഫിൽ തട്ടിൽ, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ സാന്നിധ്യത്തിൽ സമ്മാനിച്ചു. സ്പന്ദൻ ചെയർമാൻ ബിഷപ് മാർ ജോസ് ചിറ്റൂപ്പറമ്പിൽ, വൈസ് ചെയർമാൻമാരായ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ, ബിഷപ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, അവാർഡുതുക സ്പോൺസർ ചെയ്ത ചിക്കാഗോ എപ്പാർക്കി ബിഷപ് മാർ ജോയ് ആലപ്പാട്ട്, കേരളാ സോഷ്യൽ സർവീസ് ഫോറം ഡയറക്ടറും സ്പന്ദൻ സെക്രട്ടറിയുമായ ഫാ. ജേക്കബ് മാവുങ്കൽ എന്നിവർ സന്നിഹിതരായിരുന്നു. അവാർഡ് ജേതാവിനെ ആദരിക്കുന്നതിനായി പാലാ ഷലോമിൽ ചേർന്ന സമ്മേളനം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. ഷലോം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അധ്യക്ഷത വഹിച്ചു.

**തിങ്ക് ടാങ്ക് മീറ്റിങ്**

കാർഷികമേഖലയുടെ സമഗ്ര ഉന്നമനത്തിനായി പാലാ രൂപത വിഭാവനം ചെയ്ത പാലാ സാൻതോം ഫുഡ് ഫാക്ടറിയുടെ ഭാവിപ്രവർത്തനങ്ങൾക്കു രൂപരേഖ തയ്യാറാക്കുന്നതിനും ഉയർന്ന ഗുണനിലവാരത്തിൽ ഉൽപന്നനിർമ്മാണം മുതൽ വിപണനംവരെ ചിട്ടപ്പെടുത്തുന്നതിനും വേണ്ട ആശയങ്ങൾ പങ്കുവയ്ക്കുന്നതിനായി ഓഗസ്റ്റ് 15 ന് ബിഷപ്സ് ഹൗസ് ഹാളിൽ അഭിവന്ദ്യ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നേതൃത്വത്തിൽ തിങ്ക് ടാങ്ക് മീറ്റിങ് നടത്തി. പ്രസ്തുത യോഗത്തിൽ റബ്ബർ ബോർഡ് മുൻ ചെയർമാനും തമിഴ്നാട് ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ. പി.സി. സിറിയക് ഐ.എ.എസ്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരായ

ജോ ജോസഫ്, ഷേർളി സഖറിയ, മുൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരായ ബോസ് ജോസഫ്, സലോമി തോമസ്, ഡപ്യൂട്ടി ഡയറക്ടർ ജോ പൈനാപ്പള്ളി, മുൻ ഡപ്യൂട്ടി ഡയറക്ടർമാരായ ജോർജ് ജോസഫ്, സിബി കോയിപ്പള്ളി, റിട്ടയേർഡ് ഫാം സൂപ്രണ്ട് ജോൺസൺ പുറവക്കാട്ട്, വിശ്വാസ് ഫുഡ് ഫാക്ടറി മാനേജിങ് ഡയറക്ടർ സോണി ഏറത്തേൽ, കർഷകപ്രതിനിധികളായ കുര്യാക്കോസ് പടവൻ പാലാ, ഔസേപ്പച്ചൻ മേക്കാട്ട് പ്ലാശനാൽ, രാജു മാത്യു മൂഴൂർ, ടോം ജേക്കബ് ആലയ്ക്കൽ കാഞ്ഞിരമറ്റം, ടിംസ് പോത്തൻ നെടുമ്പുറം കൊഴുവനാൽ, ഔസേപ്പച്ചൻ വെള്ളിമൂഴയിൽ അന്ത്യാളം തുടങ്ങിയവർ ആശയങ്ങൾ പങ്കുവച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി .ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, അസി. ഫിനാൻസ് മാനേജർ ഫാ. കുര്യൻ മുക്കാംകുഴി, പബ്ലിക് റിലേഷൻസ് ഓഫീസർ ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് ഓഫീസർമാരായ പി.വി. ജോർജ് പുരയിടം, ടോണി സണ്ണി, പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ സി.ഇ.ഒ വിമൽ ജോണി, സാൻതോം ഫുഡ് ഫാക്ടറി ഓപ്പറേഷൻ മാനേജർ ടോണി കാനാട്ട് തുടങ്ങിയവർ പങ്കെടുത്തു.

**വിദഗ്ധസംഘം സന്ദർശനങ്ങൾ**

എസ്.എഫ്.എ.സി. എഫ്.പി. അവാർഡ് കമ്മിറ്റി അംഗങ്ങൾ കേരളഗ്രോ, അഗ്രിമ സെൻട്രൽ നഴ്സറി, പാലാ സാൻതോം ഫുഡ് ഫാക്ടറി എന്നിവ സന്ദർശിച്ച് വിലയിരുത്തലുകൾ നടത്തി.

കേരള കാർഷികസർവകലാശാല എക്സ്റ്റൻഷൻ ഡയറക്ടർ ഡോ. ബിനോ പി ബോണി പാലാ സാൻതോം ഫുഡ് ഫാക്ടറി സന്ദർശിച്ചു.

കേന്ദ്രസർക്കാരിന്റെ അഗ്രിക്കൾച്ചർ മാർക്കറ്റിങ് അഡ്വൈസർ ബി.കെ. വരപ്രസാദ്, വിജയവാഡ നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപറേഷന്റെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കോട്ടയം ജില്ലയിലെ മൂന്നു ബ്ലോക്കുകളിൽ രൂപീകരിച്ച ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ സന്ദർശിച്ചു.

**ബോധവത്കരണപരിപാടികൾ**

**'കുട്ടികളും കൃഷിയിലേക്ക്'**

ഇളംതലമുറയിൽ കാർഷിക അവബോധം സൃഷ്ടിക്കുവാനും യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുവാനും ലക്ഷ്യംവച്ചുകൊണ്ട് പാലാ രൂപതയുടെ കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസിയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന 'കുട്ടികളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായുള്ള അധ്യാപക സംഗമം ഓഗസ്റ്റ് 8 വെള്ളിയാഴ്ച രണ്ടുമണിക്കു നടത്തി. ബിഷപ്സ് ഹൗസ്

ഹാളിൽ ചേർന്ന സമ്മേളനത്തിന്റെ ഉദ്ഘാടനം വികാരി ജനറാൾ മോൺ.സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, പാലാ രൂപത കോർപറേറ്റ് എജ്യുക്കേഷണൽ ഏജൻസി സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ, പി.എസ്.ഡബ്ലിയു.എസ്. അസി.ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, പാലാ സാൻതോം എഫ്.പി.സി ചെയർമാൻ സിബി മാത്യു കണിയാമ്പടി തുടങ്ങിയവർ സംസാരിച്ചു. പാലാ കൃഷിവകുപ്പ് അസി. ഡയറക്ടർ ബിനി ഫിലിപ്പ് ക്ലാസ്സ് നയിച്ചു. രൂപതയിലെ നൂറിൽപരം സ്കൂളുകളിൽനിന്ന് ചിൽഡ്രൻസ് ഫാർമേഴ്സ് ക്ലബ്ബിന്റെ ചുമതലയുള്ള അധ്യാപകർ സമ്മേളനത്തിൽ സംബന്ധിച്ചു. സ്കൂളുകളിൽ പച്ചക്കറിക്കൃഷി തുടങ്ങുന്നതിനാവശ്യമായ സൗജന്യ പച്ചക്കറിത്തൈകളുടെ വിതരണവും നടന്നു.

**നേത്രപരിശോധന ക്യാമ്പ്**

പാലാ മാർസ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പാലാ സോൺ സൗജന്യ നേത്ര പരിശോധനക്യാമ്പ് സംഘടിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ്, കർഷകദളങ്ങൾ, പിതൃവേദി, മാതൃവേദി, എസ്.എം.വൈ.എം എന്നിവയുടെ സഹകരണത്തോടെ പാലാ ളാലം സെന്റ് മേരീസ് പള്ളിയിൽ സംഘടിപ്പിച്ച ക്യാമ്പിന്റെ ഉദ്ഘാടനം പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. വികാരി ഫാ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. സോൺ ഡയറക്ടർ ഫാ. ഐസക് പെരിങ്ങാമലയിൽ, കോർഡിനേറ്റർ സൗമ്യ ജെയിംസ്, ജെയിംസ് ചെറുവള്ളിൽ എന്നിവർ പ്രസംഗിച്ചു. രാജേഷ് പാറയിൽ, ജോസ് സിസി, ജോയി പുളിക്കക്കുന്നേൽ, റിച്ചു എസ് കാപ്പൻ, ഫോൻസിടോം മരിയ ജോസ്, സിൻസി സണ്ണി, അലീനാ സാബു എന്നിവർ നേതൃത്വം കൊടുത്തു. നേത്രരോഗവിദഗ്ധ ഡോ. ജ്യോതി വി.എസ് ക്ലാസ്സ് നയിച്ചു.

**കാർഷികമേളകൾ**

**അരുവിത്തുറ അഗ്രി ഫെസ്റ്റ്**

അരുവിത്തുറ പള്ളിമൈതാനിയിൽവച്ച് ഓഗസ്റ്റ് 1,2,3 ദിവസങ്ങളിൽ അരുവിത്തുറ അഗ്രിഫെസ്റ്റ് നടത്തപ്പെട്ടു. ഫൊറോനവികാരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ കാർഷികമേള ഉദ്ഘാടനം ചെയ്തു. തെങ്ങ്, കവുങ്ങ്, തേക്ക്, ഫലവൃക്ഷത്തൈകൾ, പച്ചക്കറിത്തൈകൾ, വിത്തുകൾ, വിവിധയിനം അലങ്കാരച്ചെടികൾ, നാടൻ-വിദേശ ഫലവൃക്ഷത്തൈകൾ, കാർഷിക മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വില്പനയും നടന്നു.

**കോതനല്ലൂർ അഗ്രി ഫെസ്റ്റ്**

കോതനല്ലൂർ എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 11 ന് പാലാ അഗ്രിമ സെൻട്രൽ നഴ്സറിയും അഗ്രിമ ഇക്കോഷോപ്പുമായി സഹകരിച്ചുകൊണ്ട് കോതനല്ലൂർ അഗ്രിഫെസ്റ്റ് സംഘടിപ്പിച്ചു. ഫൊറോനാ വികാരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിൽ കാർഷികമേള ഉദ്ഘാടനം ചെയ്തു. തെങ്ങ്, കവുങ്ങ്, തേക്ക്, ഫലവൃക്ഷത്തൈകൾ, പച്ചക്കറിത്തൈകൾ, വിത്തുകൾ, വിവിധയിനം അലങ്കാരച്ചെടികൾ, നാടൻ-വിദേശ ഫലവൃക്ഷത്തൈകൾ, കാർഷിക മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വില്പനയും നടന്നു.

**കൊഴുവനാൽ അഗ്രി ഫെസ്റ്റ്**

കത്തോലിക്കാ കോൺഗ്രസ് കൊഴുവനാൽ യൂണിറ്റും കൊഴുവനാൽ സ്വാശ്രയസംഘവും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ അഗ്രിമ സെൻട്രൽ കാർഷികനഴ്സറിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച കൊഴുവനാൽ അഗ്രി ഫെസ്റ്റ് ഫൊറോനാ വികാരി ഫാ. ജോസ് നെല്ലിക്കത്തെരുവിൽ ഉദ്ഘാടനം. ചെയ്തു. നാടൻ, വിദേശ ഫലവൃക്ഷത്തൈകളും പച്ചക്കറിത്തൈകളും പരിചയപ്പെടുവാനും സ്വന്തമാക്കാനും ആളുകൾക്ക് സുവർണാവസാരമായിരുന്നു. അഗ്രി ഫെസ്റ്റിൽ ശ്രീലങ്കൻ തെങ്ങിൻതൈകൾ, മങ്കുവ കൊക്കോത്തൈകൾ, മറയൂർ ചന്ദനത്തൈകൾ അടക്കം സ്വദേശ, വിദേശ ഫലവൃക്ഷത്തൈകൾ, തെങ്ങ്, കവുങ്ങ്, തേക്ക്, ഫലവൃക്ഷത്തൈകൾ, പച്ചക്കറിത്തൈകൾ, വിത്തുകൾ, വിവിധയിനം അലങ്കാരച്ചെടികൾ, കാർഷികമൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും വില്പനയും നടന്നു.

**പഠനയാത്രകൾ**

പാലായിൽ ഗ്ലോബൽ പാർട്ണർഷിപ് പ്രോഗ്രാമിന്റെ ഭാഗമായി ചങ്ങനാശ്ശേരി എസ്.ബി. കോളജിന്റെ നേതൃത്വത്തിൽ ജപ്പാൻ സോഫിയാ യൂണിവേഴ്സിറ്റിയിൽനിന്നുള്ള അധ്യാപക-വിദ്യാർത്ഥി സംഘം ഫാ. ജോൺ പുളിങ്കുന്ന്, പ്രൊഫ. നിതിൻ എന്നിവരുടെ നേതൃത്വത്തിൽ പാലാ സാൻതോം ഫുഡ് ഫാക്ടറിയും, അഗ്രിമ സെൻട്രൽ നഴ്സറിയും സന്ദർശിച്ചു. പറത്താനം സ്വാശ്രയസംഘം അംഗങ്ങൾ ഡയറക്ടർ ഫാ. ജോസഫ് കൊച്ചുമുറിയിലിന്റെ നേതൃത്വത്തിൽ കൃഷിവിജ്ഞാനകേന്ദ്രം സന്ദർശിക്കുകയും വിവിധങ്ങളായ കൃഷിരീതികളെയും വളങ്ങളുടെ ഉപയോഗങ്ങളെയും കുറിച്ചുള്ള ക്ലാസുകളിൽ സംബന്ധിക്കുകയും ചെയ്തു.

**വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ ഇടവക - ഫൊറോനതലങ്ങളിലുള്ള വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു.

മൂലമറ്റം സോണൽ ചക്കിക്കാവ് കർഷകദളത്തിന്റെ മൂന്നാമത് വാർഷികം വിമലഗിരി സെന്റ് മേരീസ് പാരിഷ് ഹാളിൽ 2025 ഓഗസ്റ്റ് 8

വെള്ളിയാഴ്ച നടത്തപ്പെട്ടു. പി.എസ്.ഡബ്ലിയു.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കർഷക ദളം രക്ഷാധികാരി ഫാ. ജോർജ് ഒഴുകയിൽ അനുഗ്രഹപ്രഭാഷണം നടത്തി.

ഇലയ്ക്കാട് ഐക്യവേദി സ്വയംസഹായസംഘം രണ്ടാമത് വാർഷികാഘോഷവും കുടുംബസംഗമവും സംഘടിപ്പിച്ചു. ആഘോഷപരിപാടികളുടെ ഉദ്ഘാടനം കുറവിലങ്ങാട് മർത്ത്മറിയം ആർച്ച് ഡീക്കൻസ് തീർത്ഥാടനദേവാലയം ആർച്ചുപ്രീസ്റ്റ് റവ.ഡോ.തോമസ് മേനാച്ചേരിൽ നിർവഹിച്ചു. പി.എസ്.ഡബ്ലിയു.എസ്. കുറവിലങ്ങാട് മേഖലാഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. കടപ്ലാമറ്റം ഗ്രാമപഞ്ചായത്തു മെമ്പർ ശ്രീമതി ജാൻസി ജോർജ്, പി.എസ്.ഡബ്ലിയു.എസ്. മേഖലാപ്രസിഡന്റ് ശ്രീ ജോൺ കുന്നേൽ, ബാപ്പുജി SHG സെക്രട്ടറിയും സാന്തോം സോൺ ലീഡറുമായ ശ്രീ ഷൈജു പാവുത്തിയേൽ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. മികച്ച കർഷകനായി തിരഞ്ഞടുക്കപ്പെട്ട ശ്രീ വിൻസെന്റ് ജേക്കബ്ബ് ഒറ്റക്കണ്ടത്തിൽ, വിദ്യാഭ്യാസസ്കോളർഷിപ്പിന് അർഹരായ അയാനാ വിൻസെന്റ്, സെറീനാ സാബു എന്നിവരെ യോഗത്തിൽ മെമന്റോ നൽകി ആദരിച്ചു. ശ്രീ ജോസ് കൊച്ചുപുരയ്ക്കൽ, പ്രൊഫ. ജോജി ഒറ്റക്കണ്ടത്തിൽ, ശ്രീ ജെയിംസ് ചാക്കോ, ശ്രീ ജോർജ് കെ.യു. എന്നിവർ പ്രസംഗിച്ചു.

**കോഴിക്കുഞ്ഞുങ്ങളുടെ വിതരണം**

പാലാ മുണ്ടുപാലം സ്റ്റീൽ ഇൻഡ്യാ കാമ്പസിൽ ഓഗസ്റ്റ് 5, 6 തീയതികളിൽ ഉയർന്ന ഇനം BV380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴിക്കുഞ്ഞുങ്ങൾ, മുട്ടത്താറാവ്, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വില്പനയും നടന്നു.

**അവലോകനയോഗങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ അവലോകനമീറ്റിങ്ങുകൾ വിവിധ ഇടവകകളിൽ നടത്തപ്പെട്ടു. അവലോകനമീറ്റിങ്ങിൽ പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷിസംബന്ധമായ ക്ലാസുകൾ എന്നിവ നടന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# കെയർ ഹോംസ്

**കെയർ ഹോംസ്**

8/7/2025 ൽ ഓൾഡേജ് ഹോമിന്റെ മീറ്റിങ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. മീറ്റിങ്ങിൽ 19 ഹോമുകളിൽനിന്ന് അംഗങ്ങൾ പങ്കെടുത്തു. സെന്റ് തോമസ് കോളജും കെയർ ഹോംസും സംയുക്തമായി നടത്തുന്ന പ്രൊജക്ട് എം.ഒ.യു. വിനെക്കുറിച്ചു ചർച്ചകൾ നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**കെ.എൽ.എം.**

12/8/2025 ൽ എറണാകുളത്തുവച്ചുനടന്ന ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. കെ.എൽ.എം ആക്സിഡന്റ് പോളിസിയും കെ.എൽ.എം. മെമ്പർഷിപ്പ് ക്യാമ്പയിനും ഉടൻ ആരംഭിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**പാലാ അഡാർട്ട് 41-ാം വാർഷികം ആചരിച്ചു**

കേരളത്തിലെ ആദ്യ ലഹരിവിമോചനചികിത്സാകേന്ദ്രമായ പാലാ അഡാർട്ടിന്റെ 41-ാം വാർഷികാഘോഷവും ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മയായ എ.എ., ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ഭാര്യമാരുടെ കൂട്ടായ്മയായ അൽ അനോൺ, അവരുടെ കുട്ടികളുടെ കൂട്ടായ്മയായ അൽ അറ്റിൻ എന്നിവയുടെ സംയുക്തസംഗമവും അഡാർട്ടിൽ നടന്നു. അഡാർട്ട് ചെയർമാൻ മോൺ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ച സമ്മേളനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, എസ്.എൽ.സി.എ ചങ്ങനാശ്ശേരി കോർഡിനേറ്റർ എം.റ്റി. മാത്യു, അഡാർട്ട് സീനിയർ കൗൺസിലർ ജോയ് കെ.മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. ഉദ്ഘാടനപരിപാടിക്കുശേഷം അൽ അനോൺ അംഗങ്ങൾ ആത്മദർപ്പണം എന്ന നാടകം അവതരിപ്പിച്ചു. ലഹരിവിമുക്തജീവിതത്തിൽ വാർഷികം ആഘോഷിക്കുന്നവർക്ക് പിതാവ് മെഡലുകൾ വിതരണം ചെയ്തു.

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

ഓഗസ്റ്റ് 10,17,24,31 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഓഗസ്റ്റ് 9-ാം തീയതി ശനിയാഴ്ച രാവിലെ 11.30 ന് നടന്നു.

**ബോധവൽക്കരണക്ലാസുകൾ**

ഓഗസ്റ്റ് 14, 16 തീയതികളിൽ മഞ്ഞാമറ്റം, പ്രവിത്താനം എന്നിവിടങ്ങളിൽ യുവജനങ്ങൾക്കായി ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിച്ചു. അഡാർട്ട്

ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, സീനിയർ കൗൺസിലർ ജോയി കെ. മാത്യു എന്നിവർ നേതൃത്വം വഹിച്ചു.

**അഡാർട്ട് സന്ദർശനം**

മൂലമറ്റം സെൻറ് ജോസഫ്സ് കോളജിലെ MSW വിദ്യാർത്ഥികളും, അധ്യാപകരും അഡാർട്ട് സന്ദർശിച്ചു. ഡയറക്ടർ ഫാ ജെയിംസ് പൊരുന്നോലിൽ, ശ്രീ മാത്യു കണമല എന്നിവർ സംസാരിച്ചു. സീനിയർ കൗൺസിലർ ജോയി കെ. മാത്യു കുട്ടികൾക്കായി ക്ലാസ് നയിക്കുകയും ചെയ്തു.

**സ്വാതന്ത്ര്യദിനാഘോഷം**

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിനോടനുബന്ധിച്ച് ദേശീയപതാക ഉയർത്തുകയും അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ സ്വാതന്ത്ര്യദിനസന്ദേശം നൽകുകയും, മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**ഗാന്ധിദർശൻ പ്രവർത്തനോദ്ഘാടനവും ലഘുലേഖപ്രകാശനവും (പലേക്കർ കൃഷിരീതി)**

ഈ വർഷത്തെ അഡാർട്ട് ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായ ഗാന്ധിദർശൻപരിപാടികളുടെ പ്രവർത്തന ഉദ്ഘാടനവും, രാസവളങ്ങളും കളകീടനാശിനികളും ഉപയോഗിക്കാതെയുള്ള പലേക്കർ കൃഷിരീതി പരിചയപ്പെടുത്തുന്ന ലഘുലേഖയുടെ പ്രകാശനവും 2025 ഓഗസ്റ്റ് പതിനഞ്ചാം തീയതി അഡാർട്ടിൽ നടന്നു. പലേക്കർ കർഷകസമിതിയുടെ സംസ്ഥാന കോർഡിനേറ്റർ എം കുര്യൻ ലഘുലേഖയുടെ പ്രകാശനം നിർവഹിച്ചു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രൊജക്റ്റ് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ, സീനിയർ കൗൺസിലർ ജോയ് കെ. മാത്യു, പാലാ ഗാന്ധി സെന്റർ കോഡിനേറ്റർ കെ.ജെ. എബ്രഹാം തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2025 ന്റെ രജിസ്ട്രേഷൻ അവസാനിച്ചു. 32854 പേർ നമ്മുടെ രൂപതയിൽനിന്ന് രജിസ്ട്രേഷൻ ചെയ്തു.

ലോഗോസ് ക്വിസ് : 2025 സെപ്റ്റംബർ 28 ന്. സമയം 2.00 pm to 3.30 pm

ചോദ്യപ്പേപ്പർ വിതരണം : 2025 സെപ്റ്റംബർ 27

ഉത്തരക്കടലാസ് തിരിച്ചേല്പിക്കേണ്ടത് : 2025 സെപ്റ്റംബർ 29 ന്

2025 സെപ്റ്റംബർ 10 മുതൽ ഹാൾ ടിക്കറ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

ലോഗോസ് ക്വിസ് മത്സരത്തിന് സഹായകരമായ വിധത്തിൽ തയ്യാറാക്കിയ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ ഓഗസ്റ്റ് മാസത്തെ ക്ലാസ് 9–ാം തീയതി നടന്നു. അടുത്ത ക്ലാസ് സെപ്റ്റംബർ 13 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** ഓഗസ്റ്റ് നാലാം തീയതി ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ വച്ച് എൽറോയ് ധ്യാനടീം നടത്തിയ ഉപവാസധ്യാനത്തിൽ ഫാ. ജോസഫ് അരിമറ്റത്ത് അനുതാപത്തെക്കുറിച്ചു ക്ലാസ്സെടുത്തു.

**2.** 10/08/2025 : അരുവിത്തുറ സെന്റ് ജോർജ് ഫൊറോനദേവാലയത്തിൽ വച്ച് അരുവിത്തുറ മേഖലയിലെ വിൻസെന്റ് ഡി പോൾ പ്രവർത്തകർക്ക് ഫാ. ജോസഫ് അരിമറ്റത്ത് ക്ലാസ്സെടുത്തു.

**3.** പാലാ രൂപത ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിലുള്ള ഹോസ്പിറ്റൽ മിനിസ്ട്രി അംഗങ്ങൾ പാലാ മരിയൻ മെഡിക്കൽ സെന്ററിൽ രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു.

**4.** 18/08/2025: രാമപുരം എഫ്സിസി നോവിഷ്യേറ്റ് ഹൗസിൽ നോവിസസിന് 'ഇവാഞ്ചലൈസേഷൻ ആധുനികലോകത്തിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഫാ. ജോസഫ് അരിമറ്റത്ത് ക്ലാസ്സുകൾ നയിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ. ആൽവിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സഥാശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണി മുതൽ 2 മണി വരെ കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന,വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. 2025 ഓഗസ്റ്റ് മാസത്തിൽ സി. മേഴ്സിൻ മാത്യു എഫ്.സി.സി., ബ്രദർ ജോർജ് മുംബൈ, ഫാ. തോമസ് ഓലായത്തിൽ, ഫാ. ജോസഫ് പരവുമ്മേൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസമധ്യസ്ഥപ്രാർത്ഥനദിനമായി പാലാ സോണിനു നല്കപ്പെട്ട ഓഗസ്റ്റ് 7 ന് കുറവിലങ്ങാട് സബ്സോണിൽ പാലക്കാട്ടുമല നിത്യസഹായമാതാ ദൈവാലയത്തിൽവച്ച് ഉപവാസമധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. ജോർജ് വയലിപ്പറമ്പിൽ (പാലക്കാട്ടുമല നിത്യസഹായമാതാ ചർച്ച് വികാരി) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ഫാ. പോൾ കുന്നുംപുറം (കുറവിലങ്ങാട് സബ്സോൺ ആനിമേറ്റർ) വിശുദ്ധ കുർബാനയർപ്പിച്ചു. ബ്രദർ ഔതച്ചൻ കൂടല്ലൂർ വചനപ്രഘോഷണം നടത്തി. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ - കുറവിലങ്ങാട് സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും  വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു.

**4.** ജൂലൈമാസത്തിലെ എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5.** ഓഗസ്റ്റ് 16 ശനി പാലാ കിഴതടിയൂർ ദൈവാലയ പാരിഷ്ഹാളിൽ വച്ച് കരിസ്മാറ്റിക് കുടുംബസംഗമം നടത്തപ്പെട്ടു. സിസ്റ്റർ ആൻജോസ് എസ്. എച്ച്. വചനസന്ദേശം നൽകി സോൺ - സബ് സോൺ സർവീസ് ടീം അംഗങ്ങളും രൂപതയിലെ മറ്റു കരിസ്മാറ്റിക്നവീകരണശുശ്രൂഷകളിലായിരുന്നവരും  ഒന്നിച്ചുകൂടി വിശേഷങ്ങൾ പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അതോടൊപ്പം എല്ലാ മിനിസ്റ്ററികളും കൗൺസിലുകളും മീറ്റിങ്ങുകൾ നടത്തി.

**6. ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരിക്കൽ മൂന്നു മണിക്കൂർ സമയം വീതം 7 ആഴ്ചകൾ കൊണ്ടു പൂർത്തിയാകുന്ന എൽ.എസ്.എസ് സെമിനാർ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എല്ലാ ഞായറാഴ്ചകളിലും രണ്ടു മണിമുതൽ 5 മണിവരെയും നടന്നുകൊണ്ടിരിക്കുന്നു. 50 ഓളംപേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**7. രാത്രിയാരാധന**

ഓഗസ്റ്റ് 30 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന ദേവാലയത്തിൽ വച്ച് രാത്രിയാരാധന നടത്തപ്പെട്ടു. ഫാ. മനോജ് (ജോസഫ്) വടക്കേടത്ത് CMF വചനശുശ്രൂഷയും ആരാധനയും നയിച്ചു. ഫാ. ജോസഫ്

അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗ ങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**8. ദിവ്യകാരുണ്യ ആരാധന**

ഓഗസ്റ്റ് 5 ന് കളത്തൂർ സെന്റ് മേരീസ് ദേവാലയത്തിലും ഓഗസ്റ്റ് 6 ന് മണിയംകുന്ന് തിരുഹൃദയദേവാലയത്തിലും ഓഗസ്റ്റ് 9 ന് കടനാട് സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിലും ഓഗസ്റ്റ് 15 ന് അരുണാപുരം സെന്റ് തോമസ് ദേവാലയത്തിലും ഓഗസ്റ്റ് 20 ന് ചക്കാമ്പുഴ ലൊരേത്തുമാതാ ദേവാലയ ത്തിലും 12 മണിക്കൂർ ദിവ്യകാരുണ്യആരാധന നടത്തപ്പെട്ടു. ഈ ശുശ്രൂ ഷകൾക്ക് സോൺ - സബ് സോൺ സർവീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി.

**9.** പാലാ സോൺ യൂത്ത് യുണൈറ്റഡ് ഫോർ ക്രൈസ്റ്റ് (YU4C)ന്റെ നേതൃ ത്വത്തിൽ ഓഗസ്റ്റ് 15 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് യുവജന ങ്ങൾക്കായി ഏകദിനധ്യാനം നടത്തി.

ഓഗസ്റ്റ് 22, 23, 24 തീയതികളിൽ കളമശ്ശേരി എമ്മാവൂസിൽവച്ച് നടത്ത പ്പെട്ട YUVAC 2025 എന്ന യൂത്ത് ഫോർമേഷൻ പ്രോഗ്രാമിൽ പാലാ സോണിൽ നിന്നു 10 YU4C യുവജനങ്ങൾ പങ്കെടുത്തു.

10. കെറിഗ്മ മിനിസ്ട്രി (പ്രാരംഭ സുവിശേഷപ്രഘോഷണം) അംഗങ്ങൾക്കായി കളമശ്ശേരി എമ്മാവൂസിൽ 4 ദിവസങ്ങളിൽ നടത്തപ്പെട്ട കെറിഗ്മ ഫോർ മേഷൻ പ്രോഗ്രാമിൽ പാലാ സോണിൽനിന്നു ശ്രീ ബിനു ജേക്കബ് വാഴേ പ്പറമ്പിൽ (കെറിഗ്മ മിനിസ്ട്രി കോൺടാക്ട് പേഴ്സൺ) ശ്രീമതി സുമം തോമസ് നെല്ലിവേലിൽ (കെറിഗ്മ മിനിസ്ട്രി കോർഡിനേറ്റർ) എന്നിവർ ഉൾ പ്പെടെ 9 അംഗങ്ങൾ പങ്കെടുത്തു.

പാലാ സെന്റ് ജോർജ് പുത്തൻപള്ളിയിൽ സൺഡേസ്കൂൾ കുട്ടികളോട് കെറിഗ്മ മിനിസ്ട്രി അംഗങ്ങളും YU4C അംഗങ്ങളും ഒന്നുചേർന്ന് (27 പേർ) കെറിഗ്മ (പ്രാരംഭ സുവിശേഷപ്രഘോഷണം) പ്രഘോഷിക്കുവാൻ സാധിച്ചത് വലിയ ആത്മീയ ഉണർവിനു കാരണമായി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ.ആൽവിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**യൂണിറ്റ് സമ്മേളനം**

ഓഗസ്റ്റ് 3 ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തു ചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റുതല മാസസമ്മേളനവും, പ്രാർത്ഥനാ യോഗങ്ങളും നടത്തി.

**കൗൺസലിങ്**

ഓഗസ്റ്റ് 6, 20 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിലിൽ തടവറയിലെ അന്തേവാസികൾക്കായി കൗൺസലിങ് നടത്തി.

**വി. മാക്സ്മില്യൺ കോൾബെയുടെ നവനാൾ**

തടവറയിൽ കഴിയുന്നവരുടെ മധ്യസ്ഥനായ വി. മാക്സ്മില്യൺ കോൾബെയുടെ തിരുനാളിനൊരുക്കമായി ഓഗസ്റ്റ് 14 ന് നവനാൾപ്രാർത്ഥന നടത്തി.

**അംഗത്വസ്വീകരണം**

വി. മാക്സ്മില്യൺ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ച് പുതിയ അംഗങ്ങളുടെ അംഗത്വവിതരണം നടത്തി.

**ബോധവൽക്കരണക്ലാസ്**

ഓഗസ്റ്റ് 13, 27 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. Adorator Rengi Dei :

മൗണ്ട് നെബോ ആബാഭവനത്തിൽ വന്ന് പഞ്ചദിന ദൈവരാജ്യാനുഭവ ധ്യാനം കൂടിയവർക്ക് ദൈവരാജ്യാനുഭവത്തിൽ വളരുന്നതിനായി Adorator Rengi Dei എന്ന വേദി ആരംഭിച്ചു. വേദിയുടെ ഈ മാസത്തിലെ സെഷനുകൾ ഓഗസ്റ്റ് 4 മുതൽ 6 വരെയും 17 മുതൽ 20 വരെയുമുള്ള ദിവസങ്ങളിൽ നടത്തി. ദിവസം മുഴുവനും നിശ്ശബ്ദമായ ദിവ്യകാരുണ്യ ആരാധന, ഓരോരുത്തർക്കും കുമ്പസാരിക്കാനും വ്യക്തിപരമായി ആത്മീയോപദേശം തേടാനുമുള്ള അവസരം, പൊതുവായ വിശുദ്ധകുർബാനയർപ്പണം, തിരുവചന വിചിന്തനം എന്നിവയാണ് ആത്മീയാന്വേഷകർക്കായി ക്രമീകരിച്ചിട്ടുള്ളത്. കടന്നുവരുന്നവരുടെ ആവശ്യവും സൗകര്യവും അനുസരിച്ച് ഒന്നോ അതിൽ കൂടുതലോ ദിവസങ്ങൾ ആബാഭവനത്തിൽ താമസിച്ചു പ്രാർത്ഥിക്കാവുന്നതാണ്. ഈ അവസരം പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർ, മൗണ്ട് നെബോയുടെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ഗൂഗിൾ ഫോം ഉപയോഗിച്ചു പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

**2. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്കു പൂർത്തിയാകുന്ന ധ്യാനം - ഓഗസ്റ്റ് 9 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**3. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ഓഗസ്റ്റ് 10 മുതൽ 16 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**4.** നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുള്ള നിഷ്കർഷയോടെ നമ്മുടെ കർത്താവ് പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന യെപ്പറ്റി, കത്തോലിക്കാത്തിരുസഭയുടെ മതബോധനഗ്രന്ഥത്തെ അടിസ്ഥാന മാക്കി, പ്രായോഗിക ആത്മീയപ്രസക്തിയോടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന പുതിയ തിരുവചനവിചിന്തനപരമ്പര, ആഴ്ചയിൽ 3 ദിവസം വീതം, ജൂലൈ 21 മുതൽ, മൗണ്ട് നെബോയുടെ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ആരംഭിച്ചു.

**5.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 ഓഗസ്റ്റ് 31 ഞായർ 5 pm - സെപ്റ്റംബർ 6 ശനി 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ഒക്ടോബർ 12 ഞായർ, 5 pm - 18 ശനി 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 നവംബർ 9 ഞായർ, 5 pm - 15 ശനി 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebo . online

2025 സെപ്റ്റംബർ 8 മുതൽ 10 വരെ : Adorator Rengi Dei

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**എക്സിക്യൂട്ടീവ് മീറ്റിങ്**

7/8/2025 ൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

**ഭാഷാപദ്ധതി**

22/8/2025 ൽ എസ്.ജെ.എച്ച്.എസ് മഞ്ഞാമറ്റം, എച്ച്.എഫ്.എൽ. പി.എസ് മണലുങ്കൽ, എൽ.എഫ്.കെ.പി.എസ് കാഞ്ഞിരമറ്റം, എസ്.ജെ. എൻ.എച്ച്. എസ്.എസ്. കൊഴുവനാൽ,എസ്.ഡി.എസ്.യു.പി.എസ് മല്ലികശേരി

23/7/2025 ൽ സെന്റ് തോമസ് എച്ച്.എസ്.എസ് പാലാ, സെന്റ് ജോൺസ് എച്ച്.എസ് കുറുമണ്ണ്, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്, കടനാട്, എച്ച്.എസ്, ഇടമറ്റം, ജ്യോതി പി.എസ്, പൈക, എസ്.എം.എച്ച്. പി.എസ്, കുറവിലങ്ങാട്, സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്, രാമപുരം.

4/8/2025 ൽ സെന്റ് തോമസ് എച്ച്.എസ്, മരങ്ങാട്ടുപിള്ളി സ്കൂളിൽ ഭാഷാ പദ്ധതി നടപ്പിലാക്കി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)




## AUGUST 2025

| | | |
|---|---|---|
| 1 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 2 | 4.00 pm | സീ വ്യൂ എസ്റ്റേറ്റിൽ സന്ദർശനം നടത്തി. |
| 3 | 2.00 pm | അഡാർട്ടിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 4 | 9.00 pm | പ്രവിത്താനം ഇടവകയിൽ അറയ്ക്കൽ മാർട്ടിന്റെ മൃതദേഹത്തിനു സമീപം ഒപ്പീസ് പ്രാർത്ഥന ചൊല്ലി. |
| 5-8 | | KCBC ബിഷപ്സ് ധ്യാനം |
| 9 | 10.00 am | ചെമ്മലമറ്റം ഇടവകയിൽ നടന്ന CML സംസ്ഥാന സമിതിയുടെ കുഞ്ഞേട്ടൻ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 1.00 PM | എംസിബിസ് പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. ഫാ. സുരേഷ് പട്ടേട്ടിന്റെ മൃതദേഹത്തിനുസമീപം ഒപ്പീസ് പ്രാർത്ഥന ചൊല്ലി. |
| | 4.00 PM | അറുന്നൂറ്റിമംഗലം ഇടവകയിൽ ബ്രാഹ്മണവേലിൽ ഏലിക്കുട്ടിയുടെ മൃതസംസ്കാരകർമ്മത്തിന്റെ വീട്ടിലെ കർമ്മങ്ങൾ നടത്തി. |
| | 6.00 PM | വാലാച്ചിറ പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| | 9.00 PM | തീക്കോയി ഇടവക തയ്യിൽ കുഞ്ഞേപ്പച്ചന്റെ മൃതദേഹത്തിനുസമീപം ഒപ്പീസ് പ്രാർത്ഥന ചൊല്ലി. |
| 10 | 8:00 AM | വാലാച്ചിറ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം |

| | | |
|---|---|---|
| | | നൽകി. സെമിത്തേരി സന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| | 3:00 pm | ബിഷപ്സ് ഹൗസിൽ നടന്ന 'തിങ്ക് താങ്ക്' മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 11 | 10:00 am | ചൂണ്ടച്ചേരി എഞ്ചിനീയറിങ് കോളജിന്റെ പുതിയ അധ്യയനവർഷാരംഭം ഉദ്ഘാടനം ചെയ്തു |
| | 11.00 am | കത്തീഡ്രൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 pm | പ്രവിത്താനം ഇടവകയിൽ മുണ്ടാങ്കൽ അപകടത്തിൽ മരിച്ച അന്നമോളുടെ മൃതസംസ്കാരശുശ്രൂഷയിൽ ദേവാലയകർമ്മങ്ങൾ നടത്തി. |
| | 2:00 pm | മരങ്ങാട്ടുപിള്ളി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലിയാരംഭം ഉദ്ഘാടനം ചെയ്തു. |
| 12-13 | | കുന്നോത്ത് സെമിനാരി സിൽവർ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. |
| 14 | 9:30 am | പയസ്മൗണ്ട് ഇടവകയിൽ പാറപ്ലാക്കൽ പി.പി. മൈക്കിളിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾ നടത്തി. |
| | 4.00 pm | ചങ്ങനാശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ നടന്ന അഭിവന്ദ്യ ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി പിതാവിന്റെ മെത്രാഭിഷേക സിൽവർജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. |
| 15 | 10 am | കുറിച്ചിത്താനം ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന ഇടവകദൈവാലയത്തിന്റെ കട്ടിളവയ്പ് കർമ്മം നടത്തി. |
| | 2.00 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സ്കൂൾ വേദപാഠം & മോറൽ സയൻസ് മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 5.30 pm | ചേർപ്പുങ്കൽ ഇടവകയിൽ നവീകരിച്ച പാരിഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 16 | 4.00 pm | ഇടമറ്റം ഇടവകയിൽ ഹോംപാലാ പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 18-29 | | സിനഡ് |

| | | |
|---|---|---|
| 20 | 5:00 pm | ഫാ. മാത്യു ചന്ദ്രൻകുന്നേലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയകർമ്മങ്ങൾ നടത്തി. |
| 30 | 4.00 pm | പാലാ ളാലം പഴയ പള്ളിയിൽ പുതുതായി നിർമ്മിച്ച കൊടിമരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 6:30 pm | കാവാലി പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാല പ്രാർത്ഥനയിലും സംബന്ധിച്ചു. |
| 31 | 8:00 am | കാവാലി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |

12.08.2025








കുന്നോത്ത് Good Shepherd Major Seminary യുടെ സിൽവർ ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും മാർ ജോസഫ് സ്രാമ്പിക്കൽ പിതാവും.

14.08.2025







അഭിവന്ദ്യ ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി പിതാവിന്റെ മെത്രാഭിഷേക രജതജൂബിലിയാഘോഷത്തിൽ പങ്കെടുക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

15.08.2025







പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സ്കൂൾ
വേദപാഠം & മോറൽ സയൻസ് മെറിറ്റ് ഡേ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുന്നു.

16.08.2025



22.08.2025







സീറോ മലബാർ സഭയുടെ സോഷ്യൽ മിനിസ്ട്രി 'സ്പന്ദൻ'
അവാർഡ് നേടിയ ഫാ. തോമസ് കിഴക്കേൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം

## സ്നേഹസ്മരണയ്ക്ക്





# ഫാ. മാത്യു
## ചന്ദ്രൻകുന്നേൽ

നമ്മുടെ പ്രിയപ്പെട്ട ഫാ. മാത്യു ചന്ദ്രൻകുന്നേൽ അച്ചൻ 2025 ഓഗസ്റ്റ് 16 ശനിയാഴ്ച നിര്യാതനായി. മൈക്കിൾ–അന്ന ദമ്പതികളുടെ മകനായി 1933 ഫെബ്രുവരി 8 ന് പെരിങ്ങുളം ഇടവകയിൽ ജനിച്ച ബഹുമാനപ്പെട്ട അച്ചൻ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം പൂഞ്ഞാർ SMVHSS ൽനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും, തേവര S H കോളജിൽനിന്ന് ഉന്നതവിദ്യാഭ്യാസവും നേടി. തുടർന്ന് പാലാ രൂപതയുടെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. തത്ത്വശാസ്ത്ര ദൈവശാസ്ത്രപഠനങ്ങൾ പൂന പേപ്പൽ സെമിനാരിയിൽ പൂർത്തിയാക്കി. 1964 ഡിസംബർ 1 ന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കൈവയ്പിലൂടെ പാലാ രൂപതയുടെ വൈദികനായി ഉയർത്തപ്പെട്ടു. 1967 മുതൽ 1988 വരെ സെന്റ് തോമസ് കോളജിൽ അധ്യാപകനായും, വൈസ് പ്രിൻസിപ്പലായും സേവനം ചെയ്തു. ഒപ്പം ഫാത്തിമ, ക്രിസ്തുരാജ് ഹോസ്റ്റലുകളുടെ വാർഡനായും സേവനം ചെയ്തു. 1988 മുതൽ കാശ്മീർ മൈനർ സെമിനാരി റെക്ടറായി നിയമിതനായി. 1990 മുതൽ 2008 വരെ അമേരിക്കയിൽ വിവിധങ്ങളായ പാസ്റ്ററൽ ശുശ്രൂഷകൾ നിർവഹിച്ചു. 2009 മുതൽ 2012 വരെ മൂലമറ്റം ബിഷപ് വയലിൽ മെമ്മോറിയൽ ഹോസ്പിറ്റൽ ചാപ്ലയിനായി അച്ചൻ നിയമിതനായി. 2012-2013 വർഷം കൊണ്ടാട് ഇടവക വികാരിയായി ശുശ്രൂഷ ചെയ്തു. 2013 ൽ എന്തയാർ ഇടവകവികാരിയായി നിയമിതനായ അച്ചൻ 2013 ഒക്ടോബർമാസത്തിൽ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചു. 2013 മുതൽ പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമത്തിലായിരുന്ന അച്ചൻ 2025 ഓഗസ്റ്റ് 16 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2025 ഓഗസ്റ്റ് 20 ബുധനാഴ്ച ഉച്ചകഴിഞ്ഞു 4 pm ന് വി. കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ കാർമികത്വത്തിൽ പെരിങ്ങുളം തിരുഹൃദയ ദൈവാലയസെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

## സ്നേഹസ്മരണയ്ക്ക്



# സി. ഫ്ളവർ CMC
## നെല്ലുവേലിൽ (82)

| | | |
|---|---|---|
| ഇടവക | : | പൂഞ്ഞാർ |
| ജനനം | : | 21.01.1943 |
| നിത്യവ്രതം | : | 24.06.1964 |
| മരണം | : | 12.07.2025 |
| മൃതസംസ്കാരം | : | ചേർപ്പുങ്കൽ |

സേവനമനുഷ്ഠിച്ച ഭവനങ്ങൾ

മല്ലികശ്ശേരി, കുറവിലങ്ങാട്, [illegible], ഉള്ളനാട്, രാമപുരം
തലനാട്, പൂഞ്ഞാർ , ഭരണങ്ങാനം, ചേർപ്പുങ്കൽ



## സി. ലെയോണില CMC

**ഇരുമ്പുഴിയിൽ (81)**

| | | |
|---|---|---|
| ഇടവക | : | [illegible] |
| ജനനം | : | 28.08.1944 |
| നിത്യവ്രതം | : | 30.05.1967 |
| മരണം | : | 31.07.2025 |
| മൃതസംസ്കാരം | : | [illegible] |

സേവനമേഖലകൾ

[illegible]



## സി. ബെർത്തില്ല SABS

**ചോക്കാട്ട് (96)**

| | | |
|---|---|---|
| ഇടവക | : | [illegible] |
| ജനനം | : | 14.04.1929 |
| നിത്യവ്രതം | : | 08.05.1956 |
| മരണം | : | 27.07.2025 |
| മൃതസംസ്കാരം | : | [illegible] |

സേവനമേഖലകൾ

[illegible]



## സി. പിയർ SABS

**[illegible] (88)**

| | | |
|---|---|---|
| ഇടവക | : | [illegible] |
| ജനനം | : | 24.03.1937 |
| നിത്യവ്രതം | : | 08.05.1960 |
| മരണം | : | 06.08.2025 |
| മൃതസംസ്കാരം | : | [illegible] |

സേവനമേഖലകൾ

[illegible]



## സി. സോഫി SABS

**[illegible] (93)**

| | | |
|---|---|---|
| ഇടവക | : | [illegible] |
| ജനനം | : | 26.03.1932 |
| നിത്യവ്രതം | : | 04.06.1957 |
| മരണം | : | 10.08.2025 |
| മൃതസംസ്കാരം | : | [illegible] |

സേവനമേഖലകൾ

Provincial Councillor
Provincial Procurator
Provincial Auditor
Generalate level Auditor
[illegible]



## സി. സലോമി SH

**[illegible] (85)**

| | | |
|---|---|---|
| ഇടവക | : | [illegible] |
| ജനനം | : | 26.01.1940 |
| നിത്യവ്രതം | : | 21.05.1960 |
| മരണം | : | 25.08.2025 |
| മൃതസംസ്കാരം | : | [illegible] |

സേവനമേഖലകൾ

[illegible]



## സി. കാസ്മീർ FCC

**[illegible] (90)**

| | | |
|---|---|---|
| ഇടവക | : | [illegible] |
| ജനനം | : | 18.07.1935 |
| നിത്യവ്രതം | : | 29.05.1958 |
| മരണം | : | 25.08.2025 |
| മൃതസംസ്കാരം | : | [illegible] |

സേവനമേഖലകൾ

[illegible]

09.08.2025
10.08.2025


## ഇടയനടുത്ത സന്ദർശനം - വാലാച്ചിറ ഇടവക















"ആത്മാവാണു ജീവൻ നൽകുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്." (യോഹ 6 : 63)

# പാലാ രൂപത

## ഇവാഞ്ചലൈസേഷൻ, കുടുംബക്കൂട്ടായ്മ, മീഡിയ കമ്മീഷൻ

# ജീവമന്ന

വചനം ജീവിതമാകാൻ, ജീവിതം സ്വർഗമാകാൻ

## പാലാ രൂപത പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ വചന പഠന മത്സരം

## Season I-2025

**പഠനഭാഗം – സുവിശേഷങ്ങൾ, അപ്പസ്തോലപ്രവർത്തനങ്ങൾ**

- കുടുംബമായും വ്യക്തിഗതമായും മത്സരം
- ഒരു കുടുംബത്തിൽനിന്ന് 3 പേർ അടങ്ങുന്ന ടീം

### മത്സര കാറ്റഗറികൾ

| | | |
|---|---|---|
| A | കാറ്റഗറി | തിരുബാലസഖ്യം (വചനം പാടുക) |
| B | കാറ്റഗറി | 5 മുതൽ 7-ാം ക്ലാസ് വരെ |
| C | കാറ്റഗറി | 8 മുതൽ 12-ാം ക്ലാസ് വരെ |
| D | കാറ്റഗറി | 18 മുതൽ 30 വരെ പ്രായം |
| E | കാറ്റഗറി | 31 മുതൽ 55 വരെ പ്രായം |
| F | കാറ്റഗറി | 56 മുതൽ മുകളിലേക്ക് |

ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന സൺഡേ സ്കൂളിനും
ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്കും
പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്

സന്യാസിനികൾ, സന്യാസാർത്ഥിനികൾ,
വൈദികവിദ്യാർത്ഥികൾ എന്നിവർക്ക് പ്രത്യേക മത്സരങ്ങൾ

### മത്സരക്രമീകരണം

- കൂട്ടായ്മ / സൺഡേ സ്കൂൾ മത്സരം
  2026 ഫെബ്രുവരി – മാർച്ച്
- ഇടവകമത്സരം (3 മണിക്കൂർ)
  2026 മാർച്ച് 27 നോ അതിനുമുമ്പോ
- ഫൊറോനാതലമത്സരം (Family - Objective Type)
  2026 ഏപ്രിൽ 26 ഞായർ 2 PM
- രൂപതാതല മത്സരം (ഓഡിയോ – വിഷ്വൽ)
  2026 മെയ് 10 ഞായർ 2 PM
- ജീവമന്നാ സംഗമം & സമ്മാനദാനം

**സങ്കീർത്തനം 119**
മുഴുവൻ പഠിക്കുന്ന
സൺഡേ സ്കൂൾ കുട്ടികൾക്ക്
**2000 രൂപ ക്യാഷ് പ്രൈസ്**

**100 വചനങ്ങൾ പഠിക്കുന്ന**
എല്ലാവർക്കും രൂപതയുടെ
**ജീവമന്നാ** സമ്മാനം

### ഗ്രാൻഡ് ഫിനാലെ

മെമന്റോ & ക്യാഷ് പ്രൈസ്

| | | |
|---|---|---|
| ഒന്നാം സമ്മാനം | ₹ | 25000 |
| രണ്ടാം സമ്മാനം | ₹ | 15000 |
| മൂന്നാം സമ്മാനം | ₹ | 10000 |
| നാലാം സമ്മാനം | ₹ | 5000 |
| അഞ്ചാം സമ്മാനം | ₹ | 3000 |

**For Details : 9847775738, 6282573690**

**Supported by Edimannickal Foundation**